# മലങ്കര വിഘടിതൻ.

## THE MALABAR SEPARATIST.

വാല്യം 3. | 1099 കന്നി. | ലക്കം 2.


### മംഗളപ്രാൎത്ഥന.

എനിക്കു മൂന്നായി വയസ്സു; വേണ്ടപോൽ
നടക്കുവാൻ പ്രാപ്തിയുമില്ല; ഇക്കരം
പിടിക്കുകിൽപ്പിച്ച നടന്നു ജീവിതം
കഴിക്കുവാൻ; മാസിക ഞാൻ; മഹേശ്വരാ;

## തിരുവെഴുത്തുകളെ ശോധന ചെയ്വിൻ.

(തുടൎച്ച)

II. ഇനിയും പ്രസംഗത്തിന്റെ ദ്വിതീയശൃംഗത്തെ ഞാൻ അധിരോഹിക്കുന്നു. സഹോദരന്മാരേ! ഉപദേശത്തെയും ദൈവ സാക്ഷ്യത്തെയും സൂക്ഷ്മമായി പരിശീലിക്കുന്നതിനാൽ ഉളവാകുന്ന സൽഫലങ്ങളിൽ ചിലവ ഞാൻ നിങ്ങൾക്കു കാണിക്കട്ടെ.

1. ദൈവവചനം നിങ്ങൾ പഠിക്കുന്നില്ലെങ്കിൽ തെറ്റുകൾ കണ്ടുപിടിപ്പാൻ നിങ്ങൾ ശക്തരാകയില്ല. നിങ്ങൾ കേൾക്കെ, ഒരാൾ മുഖമെ അബദ്ധം പ്രസംഗിച്ചുവെന്നു വരാം. നിങ്ങൾ ദൈവവചനം പഠിച്ചിട്ടില്ലെങ്കിൽ അതു അബദ്ധം അബദ്ധമാണെന്നു വിധിപ്പാൻ നിങ്ങൾക്കു കഴിവുണ്ടാകയില്ല. നമ്മുടെ നാട്ടിലെ ഹൈക്കോടതിയിലുള്ള ന്യായാസനത്തിൽ ഇരുന്നു കേസ്സു കേട്ടു വിധിപറവാൻ നിങ്ങളോ ഞാനോ യോഗ്യതയുള്ളവരല്ല. കാരണം, ലോയുടെ തത്വങ്ങളുള്ള ഭാഗങ്ങളെക്കുറിച്ചു നമുക്കു പരിചയമില്ല. അതുപോലെ വേദവചനത്തെക്കുറിച്ചു പരിജ്ഞാനമുണ്ടെങ്കിലല്ലാതെ കേൾക്കുന്നവയെക്കുറിച്ചൊന്നും വിധിപറവാൻ നാം പ്രാപ്തരാകയില്ല.

അറിയുന്നതിനു വളരെ പ്രയാസമുള്ള ഒരു പുസ്തകമാണ് വേദപുസ്തകമെന്നു ചിലർ പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ അതിനെ അറിവാൻ ആഗ്രഹിക്കുന്ന ആളുകൾക്കു അതു വളരെ തെളിവായ ഒരു പുസ്തകമാണെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഓടുന്നവൻ ഓടിക്കൊണ്ടിരിക്കുമ്പോൾതന്നെ വായിക്കത്തക്കവണ്ണം അതു സ്പഷ്ടമാകുന്നു. വായിക്കുന്നവൻ എത്രത്തോളം ലഘുബുദ്ധിയോ അത്രത്തോളം അവനു നിഷ്പ്രയാസം മനസ്സിലാക്കുവാൻ കഴിയുന്ന ഒരു പുസ്തകമാണിതു്. മനുഷ്യൻ പഠിച്ചിട്ടുള്ള പഠിത്തങ്ങൾ വേദപുസ്തകം വായിക്കാൻ തുടങ്ങുമ്പോൾ ഉപകാരമായിട്ടല്ല തടസ്ഥമായിട്ടാണിരിക്കുന്നതു്. കുറേക്കഴിഞ്ഞു വേദപുസ്തകത്തിലെ കുഴക്കുള്ള ഭാഗങ്ങൾ അഴിക്കുന്നതിനു പഠിത്തം ഉപകരിച്ചേക്കാം. എങ്കിലും ഒരു സാധുമനുഷ്യൻ പുസ്തകം വായിച്ചു് അതിനെ ദൈവത്തിന്റെ വചനമായി വിശ്വസിക്കുന്നതുപോലെ നിങ്ങളും വേദപുസ്തകം വിശ്വസിക്കത്തക്കവണ്ണം നിങ്ങളുടെ പഠിത്തമെല്ലാം എടുത്തു ദൂരെയെറിവാൻ കഴിവുകിട്ടുമെങ്കിൽ അതിനുവേണ്ടി ലോകം മുഴുവൻ കൊടുത്തുകളയാമായിരുന്നുവെന്നു ചില അഗാധ ചിന്തയുള്ള നിരൂപകന്മാർ പറയുന്നതിനെ ഞാൻ കേട്ടിട്ടുണ്ട്. അതുകൊണ്ടു വന്നു വേദവാക്യങ്ങളെ പരിശോധിപ്പിൻ. പട്ടക്കാരൻ പറയുന്നതുപോലെ ഇതു് അടയ്ക്കപ്പെട്ട ഒരു പുസ്തകമല്ല. ദൈവാത്മാവുണ്ടെങ്കിൽ സണ്ടേസ്കൂൾകുട്ടികൾക്കു കൂടി മനസ്സിലാക്കത്തക്കവണ്ണം തുറക്കപ്പെട്ട പുസ്തകമാണിതു്. പണ്ഡിതനായ ഒരു വൈദികനു് എന്നപോലെതന്നെ ശരിവെട്ടി ഉപയോഗിക്കുന്നവനും ഇതു ഗ്രഹിപ്പാൻ കഴിയുന്നതാണ്. ഈദൃശം അവസ്ഥകളുള്ളവർകൂടി വേദത്തിൽ അപാരമായ പാണ്ഡിത്യം പ്രാപിച്ചിട്ടുണ്ട്.

2. ഇതരന്റെ മേൽ തെറ്റു് ആരോപിപ്പാൻ വേദം പരിശോധിക്കുന്ന ഒരാളിനെ എനിക്കിഷ്ടമില്ല. അവന്റെ ഉള്ളിൽതന്നെ ഏതോ പിശകുണ്ടെന്നു ഗ്രഹിച്ചുകൊൾക. ഒരു കള്ളനെ കണ്ടുപിടിപ്പാൻ ഒരു കള്ളൻ വേണം, എന്നൊരു പഴഞ്ചൊല്ലുണ്ടു്. നിന്റെ ഹൃദയത്തിൽ തെറ്റിനോടൊരു സ്നേഹമുള്ളതുകൊണ്ടാണ് മറ്റുള്ളവരെ സംശയിക്കുന്നതു്. വേറൊന്നു ഞാൻ പറയട്ടെയോ? നിങ്ങളുടെ ബൈബിൾ പരിശോധിപ്പിൻ. അങ്ങനെയായാൽ തക്കമുള്ള സംഗതിയിൽ ഉറപ്പായി (ധൈര്യമായി) സംസാരിപ്പാൻ നിങ്ങൾക്കു കഴിയും. സംഭാഷണത്തിൽ (സംവാദത്തിൽ) ആലോചനാവിഷയത്തെക്കുറിച്ചു്. എന്തെങ്കിലും പിശകു ഞാൻ പറഞ്ഞുപോകയും അതിനു വേദവാക്യം കാണിപ്പാൻ എനിക്കില്ലാതിരിക്കയും ചെയ്താൽ എന്റെ പ്രതിയോഗി അറിവില്ലാത്തവനായിരുന്നാലും അവനെ അടക്കുവാൻ എനിക്കെങ്ങിനെ കഴിയും? നേരെമറിച്ചു് എന്റെ പ്രതിയോഗി ഞാൻ വായിച്ചിട്ടുള്ളതിന്റെ പത്തു മടങ്ങു പുസ്തകങ്ങൾ വായിച്ചിട്ടുള്ളവനായിരുന്നാ

ല്ലം എന്റെ ഭാഗത്തേക്കു വേദവാക്യം ഉദ്ധരിപ്പാൻ എനിക്കു കഴിയുമെങ്കിൽ തൽക്ഷണം അവനെ നോക്കിച്ചിരിപ്പാൻ എനിക്കു സാധിക്കും. കാരണം എനിക്കു് ആ വിഷയത്തെക്കുറിച്ചു ധൈര്യവും നിശ്ചയവും ഉറപ്പുമുണ്ടു്. കാരണം യഹോവ ഇപ്രകാരം പറയുന്നു എന്നുള്ളതു് ആർക്കും എതിർത്തുപറവാൻ പാടില്ലാത്ത ഒരു ന്യായമാകുന്നു. ധൈര്യമില്ലാതെ സംസാരിക്കുന്നവൻ ഭോഷൻ എന്നു പ്രത്യക്ഷമാകുന്നു. ചില നല്ല പ്രസംഗികൾ തന്നെ വേദാനുസൃതന്മാർ എന്നു തങ്ങളെ വിളിക്കുവാൻ ഭയപ്പെടുന്നു. അതുനിമിത്തം സുവിശേഷം തന്നെയും സത്യമാകുന്നു എന്നു നിശ്ചയപ്പെടുത്തി പറവാൻ അവർ സംശയിക്കുന്നു. തങ്ങൾ അങ്ങനെ വിചാരിക്കുന്നു, ഏകദേശം അങ്ങനെ ഊഹിക്കുന്നു, എന്നു പ്രകടിപ്പിക്കയല്ലാതെ തീർച്ചയായിട്ടു തങ്ങൾ അറിയുന്നു എന്നു പറവാൻ അവർക്കു ധൈര്യമില്ല. ആ ഭാഗം കേൾവിക്കാർക്കായി വിടുകയാണു ചെയ്യുന്നതു്. അങ്ങനെ അവർ ചെയ്യുന്നതു മഹാമനസ്കതകൊണ്ടല്ലെന്നാണു് ഞാൻ വിചാരിക്കുന്നതു്. സംശയിക്കുന്നതു മനോവിസ്തീർണ്ണത എന്നായിരിക്കാം നിന്റെ വിചാരം. എന്നാൽ നീ സംശയിക്കുമ്പോൾ മൌനം ദീക്ഷിക്കുന്നതത്രെ മഹാമനസ്കത. നിനക്കു വിശ്വാസമുണ്ടാകുന്നവരെക്കും നീ വാ തുറക്കരുതു്. അഥവാ നീ വാ തുറന്നാൽ നീ അറിയുന്നതു സത്യമാണെന്നു പറകയും അതിനോടു നീ പററിനില്ക്കയും ഒരഭിപ്രായമായിട്ടല്ല, അവിതർക്കിതവാസ്തവമായി അതിനെ നീ പ്രസ്താവിക്കയും ചെയ്യു. താൻ അറിയുന്നതിനെ സധൈര്യം പറവാൻ കഴിയുന്നതുവരെക്കും സമസൃഷ്ടികൾക്കു യാതൊരു നന്മയും ചെയ്യാൻ ഒരുവനും പ്രാപ്തനാകയില്ല.

അല്ലയോ വേദപഠിതാക്കളെ! ഈ ധൈര്യം നിങ്ങൾക്കു ലഭിപ്പാൻ കഴിയും. തിരുവെഴുത്തുകളുടെ പാഠാന്തികത്തിലല്ലാതെ വേറൊരിടത്തും ഇതു പ്രാപിപ്പാൻ കഴികയില്ല. ശുശ്രൂഷകനിൽ നിന്നു മാത്രം കേൾക്കുന്നതായാൽ അതു നിങ്ങളെ സംശയത്തിലേക്കു നടത്തും. ശുശ്രൂഷികളിൽ ഒരുവൻ സംഗതി തെളിയിക്കയും വേറൊരുവൻ അതിനെ ഖണ്ഡിക്കയും ചെയ്യുവെന്നു വരാം. നിങ്ങളുടെ പുസ്തകങ്ങളെ വായിപ്പിൻ. വചനം അതിന്റെ സ്വന്തപ്രകാശത്തിൽ നിങ്ങൾക്കു തെളിഞ്ഞുകിട്ടും. വിശുദ്ധാത്മാവു് അതിനെ നിങ്ങളുടെ ഹൃദയത്തിൽ പതിക്കയും ചെയ്യും.

3. നാം കേൾക്കുന്ന എല്ലാവരെയും ഈ വലിയ പരിശോധനയിലേക്കു കൊണ്ടുവരുന്നപക്ഷം അതു നമ്മുടെ ആത്മാവിൽ സുലഭമായ അനുഗ്രഹങ്ങളെ ഉളവാക്കും. ആത്മാക്കളുടെ രക്ഷയ്ക്കു ഉതകാത്ത ഒററ വാക്യമെങ്കിലും വേദത്തിൽ കാണുകയില്ലെന്നാണു് ഞാൻ ഊഹിക്കുന്നതു്. ജ്ഞാനികളുടെയിടയിൽ നടക്കുന്നവൻ ജ്ഞാനിയായിത്തീരുമെന്നുണ്ടല്ലൊ. വേദോക്തങ്ങൾ എ

ഴുതിയ ജ്ഞാനികളുടെ ഇടയിൽ നടക്കുന്നവൻ രക്ഷപ്പെട്ടു ജ്ഞാനിയാകുവാൻ എത്രയും സൗകര്യമായിട്ടു നില്ക്കുന്നു. കർത്താവുമായി കണ്ടുമുട്ടുവാൻ അധികം സൌകര്യമുള്ള സ്ഥലം ഞാൻ അനുഭവിച്ചുപോകുന്നതായാൽ പ്രസംഗശാല അതിലേക്കു തിരഞ്ഞെടുക്കുന്നതാണ്. കാരണം വചനം അനുഗ്രഹിക്കപ്പെടുന്നതു പ്രസംഗത്തിലാകുന്നു. പ്രസംഗങ്ങൾ വിപോലെതന്നെ തിരുവെഴുത്തുകളെ വായിക്കുന്നതിനും ഞാൻ ആഗ്രഹിക്കുന്നു. ഓരോ വാക്യങ്ങളേയും വായിച്ചു നിറുത്തി, ഈ വചനം അനേകം ആത്മാക്കൾക്കു പ്രയോജനകരമായിത്തീർന്നിട്ടുണ്ട്, അങ്ങനെയിരിക്കെ എനിക്കു പ്രയോജനമായിത്തീരാത്തതെന്തുകൊണ്ട്? എന്നു ഞാൻ പറയും. രക്ഷയെക്കുറിച്ചു യാതൊന്നും പ്രതിപാദിക്കാത്തതെന്നു തോന്നപ്പെടുന്ന ഒരു വേദവാക്യംകൊണ്ട് ഒരാൾ മനസ്സുതിരിഞ്ഞതായി ഒരത്ഭുതകഥ ഞാൻ ഓർക്കുന്നു. വംശപാരമ്പര്യത്തെക്കുറിച്ചു പറയുന്ന മുഷിപ്പായ ഒരദ്ധ്യായം. ഉല്പത്തിപ്പുസ്തകത്തിലുണ്ടല്ലൊ. (5: ൨൭) അതിൽ "മെത്തുശലഹിന്റെ ആയുഷ്കാലം ആകെ 969 സംവത്സരമായിരുന്നു. പിന്നെ അവൻ മരിച്ചു" എന്നൊരു വാക്യമുള്ളത് ആവർത്തിച്ചു വായിച്ചപ്പോൾ ഇത്രകാലം ഭൂമിയിൽ ജീവിച്ചിരുന്ന മെത്തുശാലഹ് മരിച്ച സ്ഥിതിക്ക് എന്റെ ഭാവി എന്തായിരിക്കും; ഞാനും മരിക്കാതെ കഴികയില്ല എന്നു ശ്രോതാക്കളിൽ ഒരുവൻ മനസ്സിൽ വിചാരിച്ചു ഭ്രമിച്ചു. ഈ വിചാരം അയാളെ യേശുവിങ്കലേക്കു നടത്തി.

III. സുപ്രധാനമായ ചില ഹേതുക്കൾ പ്രമാണിച്ചു വേദാഭ്യസനം അപരിത്യാജ്യമാണെന്നു നിങ്ങളെ കാണിക്കട്ടെ. കള്ളപ്രവാചകന്മാർ വളരെപ്പേർ ലോകത്തിലേക്കു പുറപ്പെട്ടിരിക്കുന്നു. അവർ വഴിതെറ്റിക്കാതിരിപ്പാൻ ദൈവവചനത്തെ ഉത്സാഹപൂർവ്വം പാരായണം ചെയ്യിൻ. ഡാക്ടർ ലിവിംഗ്സ്റ്റൺ ആഫ്രിക്കയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ചില വഴികാട്ടികൾ തനിക്കു വളരെ ഉപദ്രവമായിത്തീർന്നുവെന്നും അവരില്ലാതിരുന്നുവെങ്കിൽ ഉപദ്രവം കൂടാതെ കഴിക്കാമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. മനഃപൂർവ്വം ചതിക്കണമെന്നുള്ള ഉദ്ദേശം കൊണ്ടോ അഥവാ അറിഞ്ഞുകൂടായ്കകൊണ്ടോ, തനിക്ക് ഉപദ്രവകാരണമായിത്തീർന്ന ഈ മാർഗ്ഗദർശികളിലുള്ള ആശ്രയം വിട്ടു തന്റെ കയ്യിലുണ്ടായിരുന്ന വടക്കുനോക്കിയന്ത്രംകൊണ്ടാണ് അദ്ദേഹം ദിക്കു മനസ്സിലാക്കിയത്. ഇങ്ങനെ വഴിതെറ്റിൽനിന്ന് അദ്ദേഹം രക്ഷപെട്ടു. ഇതുപോലെ അറിവില്ലായ്മകൊണ്ടോ ചതിക്കണമെന്നുള്ള മനഃപൂർവ്വംകൊണ്ടോ ഇറങ്ങി പുറപ്പെട്ടിരിക്കുന്ന വ്യാജോപദേഷ്ടാക്കളിൽനിന്നു രക്ഷപെടുന്നതിനായി നിന്റെ കയ്യിലിരിക്കുന്ന തിരുവചനമാകുന്ന വടക്കുനോക്കിയിലേക്കു നോക്കുക. ഈ വ്യാജോപദേഷ്ടാക്കളായ വഴികാട്ടികൾ നിന്നോടുകൂടി ഉള്ളതാണ്

ഴുതിയ ജ്ഞാനികളുടെ ഇടയിൽ നടക്കുന്നവൻ രക്ഷയ്ക്കു ജ്ഞാനിയാകുവാൻ എത്രയും സൌകര്യമായി നില്ക്കുന്നു. കർത്താവുമായി കണ്ടെത്തുവാൻ അധികം സൌകര്യമുള്ള സ്ഥലം ഞാൻ അനുഭവിച്ചുപോകുന്നതായാൽ പ്രസംഗശാല അതിലേക്കു തിരഞ്ഞെടുക്കുന്നതാണ്. കാരണം വചനം അനുഗ്രഹിക്കപ്പെടുന്നതു പ്രസംഗത്തിലാകുന്നു. പ്രസംഗങ്ങൾ പോലെതന്നെ തിരുവെഴുത്തുകളെ വായിക്കുന്നതിനും ഞാൻ ആഗ്രഹിക്കുന്നു. ഓരോ വാക്യങ്ങളെയും വായിച്ചറിഞ്ഞതിൽ, ഈ വചനം അനേകം ആത്മാക്കൾക്കു പ്രയോജനകരമായിത്തീർന്നിട്ടുണ്ട്, അങ്ങനെയിരിക്കെ എനിക്കു പ്രയോജനമായിത്തീരാത്തതെന്തിന്? എന്നു ഞാൻ പറയും. രക്ഷയെക്കുറിച്ചു യാതൊന്നും പ്രതിപാദിക്കാത്തതെന്നു തോന്നപ്പെടുന്ന ഒരു വേദവാക്യംകൊണ്ട് ഒരാൾ മനസ്സുതിരിഞ്ഞതായി ഒരത്ഭുതകഥ ഞാൻ ഓർക്കുന്നു. വംശപാരമ്പര്യത്തെക്കുറിച്ചു പറയുന്ന മുഷിപ്പായ ഒരദ്ധ്യായം - ഉല്പത്തിപ്പുസ്തകത്തിലുണ്ടല്ലോ. (5: അ) അതിൽ "മെഥൂശലഹിന്റെ ആയുഷ്കാലം ആകെ 969 സംവത്സരമായിരുന്നു. പിന്നെ അവൻ മരിച്ചു" എന്നൊരു വാക്യമുള്ളത് ആവർത്തിച്ചു വായിച്ചപ്പോൾ ഇത്രകാലം ഭൂമിയിൽ ജീവിച്ചിരുന്ന മെഥൂശലഹ് മരിച്ച സ്ഥിതിക്ക് എന്റെ ഭാവി എന്തായിരിക്കും; ഞാനും മരിക്കാതെ കഴികയില്ല എന്നു ശ്രോതാക്കളിൽ ഒരുവൻ മനസ്സിൽ വിചാരിച്ചു ഭ്രമിച്ചു. ഈ വിചാരം അയാളെ യേശുവിങ്കലേക്കു നടത്തി.

III. സുപ്രധാനമായ ചില ഹേതുക്കൾ പ്രമാണിച്ചു വേദാഭ്യസനം അപരിത്യാജ്യമാണെന്നു നിങ്ങളെ കാണിക്കട്ടെ. കള്ളപ്രവാചകന്മാർ വളരെപ്പേർ ലോകത്തിലേക്കു പുറപ്പെട്ടിരിക്കുന്നു. അവർ വഴിതെറ്റിക്കാതിരിപ്പാൻ ദൈവവചനത്തെ ഉത്സാഹപൂർവം പാരായണം ചെയ്യുവിൻ. ഡാക്ടർ ലിവിംഗ്സ്റ്റൺ ആഫ്രിക്കയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ചില വഴികാട്ടികൾ തനിക്കു വളരെ ഉപദ്രവമായിത്തീർന്നുവെന്നും അവരില്ലാതിരുന്നുവെങ്കിൽ ഉപദ്രവം കൂടാതെ കഴിക്കാമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. മനഃപൂർവ്വം ചതിക്കണമെന്നുള്ള ഉദ്ദേശം കൊണ്ടോ അഥവാ അറിഞ്ഞുകൂടായ്കകൊണ്ടോ തനിക്ക് ഉപദ്രവകാരണമായിത്തീർന്ന ഈ മാർഗ്ഗദർശികളിലുള്ള ആശ്രയം വിട്ടു തന്റെ കയ്യിലുണ്ടായിരുന്ന വടക്കുനോക്കിയന്ത്രംകൊണ്ടാണ് അദ്ദേഹം ദിക്കു മനസ്സിലാക്കിയത്. ഇങ്ങനെ വഴിതെറ്റിൽനിന്ന് അദ്ദേഹം രക്ഷപെട്ടു. ഇതുപോലെ അറിവില്ലായ്മകൊണ്ടോ ചതിക്കണമെന്നുള്ള മനഃപൂർവ്വംകൊണ്ടോ ഇറങ്ങി പുറപ്പെട്ടിരിക്കുന്ന വ്യാജോപദേഷ്ടാക്കളിൽനിന്നു രക്ഷപെടുന്നതിനായി നിന്റെ കയ്യിലിരിക്കുന്ന തിരുവചനമാകുന്ന വടക്കുനോക്കിയിങ്കൽ നോക്കുക. ഈ വ്യാജോപദേഷ്ടാക്കളായ വഴികാട്ടികൾ നിന്നോടുകൂടി ഉള്ളതാണ്

ഉപദ്രവം. വലിയ പ്രസംഗികന്മാരെല്ലാം സത്യമുള്ള പ്രസംഗികന്മാരാണെന്നു ചിലർ ജല്പിക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ എനിക്കു അങ്ങനെ പറവാൻ കഴികയില്ല. വിശ്വാസത്താൽ മാത്രമുള്ള നീതീകരണത്തെക്കുറിച്ചു ഒരാൾ പ്രസംഗിക്കുന്നതു കേട്ടാൽ ഞാൻ അയാൾക്കു കൈകൊടുക്കയും സഹോദരൻ എന്നു യാളെ വിളിക്കയും ചെയ്യും കാരണം ഈ മുഖ്യസംഗതിയിൽ അയാൾ ശരിയായിരിക്കുന്നു. എന്നാലും, അയാളുടെ മറ്റു അഭിപ്രായങ്ങളെ സമ്മതിച്ചുകൊടുക്കുന്നതിനു കഴിവില്ലാതവണ്ണം ഞാൻ അയാളിൽനിന്നു അതിദൂരസ്ഥനാണ്. നിന്റെ മനസ്സുതിരിവിനു ഇങ്ങനെയുള്ള ഒരുവനായിരിക്കണം കാരണമായി തീർന്നിട്ടുള്ളതു, നിന്റെ രക്ഷ നിന്റേതുകൾ തന്നെയാണു ആശ്രയിച്ചിരിക്കുന്നതു; കൃപയിൽനിന്നു ഒരു സത്യക്രിസ്ത്യാനി എന്നേക്കുമായി വീണു നശിച്ചുപോകും, ദൈവം നിന്നെ രക്ഷിച്ചെങ്കിലും യഹൂദായെ സ്നേഹിച്ചതിനേക്കാൾ അധികമായിട്ടു നിന്നെ സ്നേഹിച്ചിട്ടില്ല, ദൈവത്തിന്റെ പ്രത്യേകസ്നേഹമോ പ്രത്യേകതിരഞ്ഞെടുപ്പോ ഒന്നുമില്ല, എന്നിങ്ങനെ അവൻ ഉപദേശിച്ചുവന്നതു ഗ്രഹിക്കുന്നു. ഇയാളുടെ പ്രസംഗത്താൽ നീ രക്ഷപ്പെട്ടിരിക്കാം. എന്നാൽ നിന്റെ ആത്മീയവളർച്ചയ്ക്കും ആശ്വാസത്തിനും ഇയാളുടെ ശുശ്രൂഷ തീരെ ഉപകരിക്കയില്ല. അതുകൊണ്ടു ഈ തെറ്റിൽ പെടാതിരിപ്പാൻ തിരുവെഴുത്തുകൾ ശോധന ചെയ്യു.

തീർച്ചയായും തെറ്റിക്കുന്ന ഒരു ഭയങ്കരവിപത്തു ഞാൻ കാണുന്നു. സത്യത്തിന്റെ ജീവപ്രധാനമായ ഭാഗം നിന്നോടു പറവാൻ വിട്ടുകളയുന്ന ഒരു ശുശ്രൂഷി ക്രിയാശക്തികളെക്കുറിച്ചു നിന്നോടു പ്രസംഗിക്കുന്നു. കേവലം കർമ്മമാത്രംകൊണ്ടു വളരെ ഫലമുണ്ടെന്നു അയാൾ പ്രസംഗിക്കുമ്പോൾ വീണ്ടുംജനിക്കാതിരുന്നാൽ ദൈവരാജ്യം കാണ്മാൻ കഴികയില്ലെന്നുള്ള സത്യം അയാൾ വിസ്മരിച്ചുകളയുന്നു ഇങ്ങനെയുള്ള ശുശ്രൂഷകനാൽ നീ വഴി തെറ്റുക മാത്രമല്ല നിശ്ശേഷം നശിപ്പാനുമിടയുണ്ട്. അയാൾ സന്മാർഗ്ഗജീവിതത്തെ നിഷ്കർഷിക്കുന്നവനായിരിക്കാം. പരമാർത്ഥിയും നീതിമാനും നിർമ്മലനും ആയിരിക്കണമെന്നു അയാൾ പ്രസംഗിക്കാം. എന്നാൽ സന്മാർഗ്ഗികജീവിതത്തെക്കാൾ അഗാധത്തിൽ നടക്കേണ്ട ഒരു പ്രവൃത്തിയെക്കുറിച്ചു അയാൾ മൌനം ദീക്ഷിച്ചുകളയുന്നു. ഈ ദേഹം ഉപരിഭാഗത്തുള്ള പാട എടുത്തുകളയുന്നു. എന്നാൽ ഹൃദയവക്ഷസ്ഥലത്തിന്റെ വ്രണത്തിലേക്കു അയാൾ തന്റെ ശസ്ത്രത്തെ ഇറക്കുന്നില്ല. താൽക്കാലശമനം വരുത്തുന്ന ഒരു മരുന്നു അവൻ നിനക്കു കുടിക്കാൻ തരുന്നു. അതു നിന്റെ മനസ്സാക്ഷിയെ അല്പം ആശ്വസിപ്പിക്കയും ചെയ്യുന്നു. എന്നാൽ ദുഷ്ടന്നു സമാധാനമില്ലെന്നു എന്റെ ദൈവം പറയുന്നു എന്നു അയാൾ നിന്നോടു പറയുന്നില്ല. കേൾവിക്കാർക്കു അസ

ഘ്യമുണ്ടാകുമെന്നു കരുതി ക്രമീകരണം ചെയ്യുന്ന പ്രവാചകന്മാരിൽ ഒരാളാണ് അയാൾ. നീ സ്വർഗ്ഗത്തിലേക്കു പോകുന്നുവെന്നു വിചാരിക്കുമ്പോൾതന്നെ നിന്റെ കണ്ണും കെട്ടി നരകത്തിലേക്ക് അയയ്ക്കുവാൻ സാത്താൻ തന്റെ കയ്യിലെടുത്തിരിക്കുന്ന ആയുധമാണ് ഈ ശുശ്രൂഷകർ എന്നു നീ ധരിക്കുക. ഞാനും തിരുവെഴുത്തുകൾ ശരിയായി വായിച്ചു "വേറൊരു സുവിശേഷമല്ലാത്ത് വേറൊരു സുവിശേഷം നിങ്ങൾക്കു പ്രസംഗിച്ചുപോകാവുന്നതാണ്. അതുകൊണ്ടു എന്റെയോ വേറൊരുവന്റെയോ രേഖയിലോ വാക്കിലോ വരുന്ന എല്ലാ പ്രസംഗങ്ങളും ഉപദേശത്തിലേക്കും സാക്ഷ്യത്തിലേക്കും കൊണ്ടുവരുവാൻ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. ഉപദേശത്തിലേക്കും സാക്ഷ്യത്തിലേക്കും പോകുവിൻ! അവർ ഈ വാക്കുപോലെ പറയുന്നില്ലയെങ്കിൽ അവർക്ക് അരുണോദയം ഉണ്ടാകയില്ല.

ഒരു കഥ ഞാൻ ഓർമ്മിക്കുന്നു. ഒരിക്കൽ ഒരു ചെറുപ്പക്കാരി യോഗത്തിൽ നിന്നെഴുന്നേറ്റു വെളിയിലിറങ്ങി ഇങ്ങനെ പറഞ്ഞു. "എനിക്കു മിസ്റ്റർ സ്പർജന്റെ പ്രസംഗം അശേഷം ഇഷ്ടമല്ല. അയാൾ ഉപദേശത്തിൽ കവിഞ്ഞുപോയി." ഇങ്ങനെ പറഞ്ഞിട്ട് മുൻനിയമം സംബന്ധിച്ച്, "കുശവനു കളിമണ്ണിന്മേൽ അധികാരമുണ്ട്" എന്നു ഞാൻ പറഞ്ഞതായി എന്റെ മേൽ ഒരു വലിയ തെറ്റ് അവൾ സ്ഥാപിച്ചു. അപ്പോൾ അവളോടുകൂടെ ഉണ്ടായിരുന്ന സ്ത്രീ "അതു സ്പർജനല്ലല്ലോ, പൌലൂസാണല്ലോ പറഞ്ഞത്. സ്പർജനെപ്പോലെ അപ്പോസ്തലനായ പൌലൂസും ഉപദേശത്തിൽ അതിരുകവിഞ്ഞ ആൾ തന്നെ" എന്നു പറഞ്ഞു. എന്റെ പ്രിയശ്രോതാക്കളേ! ഈ തരത്തിലുള്ള കുറ്റം എന്റെമേൽ ആരോപിച്ചുകേൾക്കുന്നതു എനിക്കു വലിയ സന്തോഷമാണ്. പൌലൂസിനോടുകൂടി ഏതു പിശകുപദേശത്തിൽ ചാടുന്നതിനും എനിക്കു വിരോധമില്ല. എങ്കിലും എന്റെ തനിവാക്കിനെ ഒരു കാര്യമായി ഒരുനാളും ഗണിക്കരുതെന്നും വേദപുസ്തകം വെച്ച് എന്റെ വാക്കുകൾ പരിശോധിക്കണമെന്നും ഞാൻ നിങ്ങളെ നിർബന്ധിക്കുന്നു.

സ്നേഹിതന്മാരേ! ഞാൻ സാധാരണ പ്രസംഗിച്ചുവരുന്ന ചില പ്രത്യേകസംഗതികൾ നിങ്ങളുടെ ചിന്തയ്ക്കു വിഷയമാകണമെന്നും അവയെ വേദംകൊണ്ടു നിങ്ങൾ പരിശോധിക്കണമെന്നും എനിക്കു നിർബന്ധമുണ്ട്. ഒന്നും, എന്നിൽനിന്നു എടുക്കേണ്ട. എല്ലാം എഴുതപ്പെട്ട വചനംകൊണ്ടു നോക്കുവിൻ. ആദാമിന്റെ വീഴ്ചകൊണ്ടു സകലമനുഷ്യരും സ്വഭാവേന നാശാവസ്ഥയിൽ കിടക്കുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു; പഠിപ്പിക്കുന്നു. അതു സത്യമോ അല്ലയോ എന്നു നോക്കുവിൻ. പിതാവ് ആകർഷിച്ചിട്ടല്ലാതെ ക്രിസ്തുവിങ്കലേക്കു വരുവാൻ ഒരു മനുഷ്യനും മന

ന്നോ കഴിവോ ഉണ്ടാകാതവണ്ണം മൗഢ്യവും അശേഷം തെ
റ്റിപ്പോയി എന്നു ഞാൻ വിശ്വസിക്കുന്നു. ഇതിൽ ഞാൻ സ്ഖലി
ച്ചിട്ടുണ്ടെങ്കിൽ തിരുവചനത്തിൽ അതു കണ്ടുപിടിപ്പിൻ. സവ്വ
ലോകങ്ങൾക്കും മുമ്പെ ദൈവം ഒരു ജനത്തെ തനിക്കായിട്ടു വി
രഞ്ഞെടുത്തിട്ടുണ്ടെന്നും അതു എണ്ണിക്കൂടാത്ത ഒരു സംഖ്യയാണെ
ന്നും അവർക്കായിട്ടാണ് രക്ഷകൻ മരിച്ചതെന്നും പരിശുദ്ധാത്മാവു
കേവലം അവർക്കാണ് കൊടുക്കപ്പെട്ടതെന്നും, അവർ ഒരിക്കലും
വീണുപോകാതെ നിത്യമായി രക്ഷിക്കപ്പെടുമെന്നും ഞാൻ വിശ്വ-
സിക്കുന്നു. നിങ്ങൾക്ക് ഈ ഉപദേശം ഇഷ്ടമല്ലെങ്കിൽ ഞാൻ അ
തു ഗണ്യമാക്കുന്നില്ല. അതു ബൈബിളിലില്ലയോ എന്നു നോക്കു
വിൻ. പിതാവായ ദൈവത്തിന്റെ മുന്നറിവിൻപ്രകാരം തിര
ഞ്ഞെടുക്കപ്പെട്ടവർ എന്ന് അവിടെ പ്രസ്താവിച്ചിട്ടില്ലയോ? ദൈവ
ത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട എല്ലാ കുഞ്ഞുങ്ങളും, വിഷയത്തിന്റെ ശൂ
ന്യശിഷ്ടങ്ങളിൽനിന്നു മാനസാന്തരപ്പെടുത്തുന്ന കരുണയാൽ നിർബ
ന്ധമായും തിരിച്ചുകൊണ്ടുവരപ്പെട്ടു മതിയാവു എന്നും നിശ്ശേഷം
വീണുപോവുകയാകുന്ന അപകടത്തെ കടന്നു, വിശ്വാസത്താൽ,
രക്ഷയ്ക്കായി, ദൈവശക്തിയാൽ, നിശ്ചയമായും അവസാനത്തോ
ളം അവർ കാക്കപ്പെട്ടു മതിയാവു എന്നും ഞാൻ വിശ്വസിക്കു
ന്നു. ഇതിൽ ഞാൻ തെറ്റിട്ടുണ്ടെങ്കിൽ നിങ്ങളുടെ വേദപുസ്തക
മെടുത്തു നിങ്ങളുടെ വീട്ടിൽവെച്ചുതന്നെ എന്നെ ഖണ്ഡിപ്പിൻ.
മാനസാന്തരപ്പെട്ട ഓരോരുത്തനും വിശുദ്ധമായ ഒരു ജീവിതം ന
യിക്കുമെന്നും അപ്പോൾ തന്നെയും തന്റെ വിശുദ്ധജീവിതത്തിൽ
അവൻ ആശ്രയം വെയ്ക്കാതെ യേശുക്രിസ്തുവിന്റെ രക്തത്തിലും
നീതിയിലും മാത്രം അവൻ ആശ്രയം വെയ്ക്കുമെന്നും ഞാൻ വി
ശ്വസിക്കുന്നു. വിശ്വസിക്കുന്ന ഏതൊരുവനും മുഴുകൽസ്നാനം
സ്വീകരിപ്പാനുള്ള നിർബന്ധമായ ചുമതലയുണ്ടെന്നു ഞാൻ വി
ശ്വസിക്കുന്നു. ശിശുസ്നാനം ഒരു വ്യാജവും ദുരുപദേശവുമാണെ
ന്നു ഞാൻ വിശ്വസിക്കുന്നു. ബപ്തിസ്മയെന്നുള്ള ആ വലിയ ആചാ
രത്തിന്റെ സ്ഥാനത്തു വിശ്വാസികളുടെ സ്നാനം വരേണ്ടതാണെ-
ന്നു ഞാൻ നിർബന്ധിക്കുന്നു. അതിനാണ് വേദവാക്യങ്ങളുടെ
തെളിവുകൾ ഉള്ളത്. വിശ്വാസികൾക്കല്ലാതെ ആർക്കും നിമജ്ജ
നം കൊടുക്കാൻ പാടില്ലെന്നും എല്ലാ വിശ്വാസികളും മുഴുകി
സ്നാനപ്പെടുവാൻ നിർബന്ധേന കടമ്പെട്ടവരാണെന്നും ഞാൻ വി
ശ്വസിക്കുന്നു. ഞാൻ തെറ്റിപ്പോയെങ്കിൽ, നല്ലതു തന്നെ എ
ന്നെ വിശ്വസിക്കരുത്. അല്ല, ഞാൻ ശരിയാണ് പറയുന്നതെ
ങ്കിൽ ഭക്ത്യാദരപുരസ്സരം വചനത്തെ അനുസരിപ്പിൻ. ഏതു
വും നിസ്സാരമെന്നു മനുഷ്യർ പറയുന്ന സംഗതികളിൽ കൂടെയും
ഒരു തെറ്റുമുണ്ടാകരുതെന്നു ഞാൻ ആഗ്രഹിക്കുന്നു. കാരണം ഒരു
പണവിട സത്യത്തിനു ഭൂചരത്തിന്റെ വിലയുണ്ട്. തെറ്റി

ന്റെ ഒരു കണിക നാശകരവുമാണ്. ഇനിയും ഇതുപോലെതന്നെ വിശ്വാസികൾക്കല്ലാതെ യാതൊരുത്തക്കും കർത്താവിന്റെ അത്താഴത്തിനു യാതൊരവകാശവുമില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ആളുകളെ പരിശോധിക്കാതെ എല്ലാവക്കും ഒരുപോലെ തിരുവത്താഴം കൊടുക്കുന്നതു തെറ്റാണെന്നാണ് എന്റെ വിശ്വാസം. ദൈവഭവനത്തിലെ ഉപദേശങ്ങൾക്കൊ സഹോദരസഹകരണങ്ങൾക്കൊ ആചാരങ്ങൾക്കൊ സത്യക്രിസ്ത്യാനികൾക്കല്ലാതെ അവകാശമില്ലെന്നും ഞാൻ വിശ്വസിക്കുന്നു. ഈ കാൎയ്യങ്ങൾ ഇങ്ങനെയല്ലെങ്കിൽ നിങ്ങളുടെ ഇഷ്ടംപോലെ എന്നെ വിധിച്ചുകൊൾവിൻ. എന്നാൽ വേദപുസ്തകം എന്റെ ഭാഗത്തുണ്ടെങ്കിൽ നിങ്ങളുടെ വിധിക്കു കാശു വില വരുന്നതല്ല.

ഇവിടെ വന്നുകൂടിയിരിക്കുന്ന എല്ലാവരോടും ഒരു സംഗതി ഞാൻ ആജ്ഞാപിക്കുന്നു. വേദപുസ്തകം നിങ്ങളേക്കുറിച്ചു പറയുന്നതെന്താകുന്നുവെന്ന് അറിയുന്നതിനുവേണ്ടി നിങ്ങൾ വേദപുസ്തകം വായിപ്പിൻ. നിങ്ങളിൽ ചിലർ അതിന്റെ കടലാസുകൾ മറിക്കുമ്പോൾ തങ്ങൾ "കയ്പുള്ള വകയിലും അനീതിയുടെ ബന്ധനത്തിലും അകപ്പെട്ടിരിക്കുന്നു" എന്നു കാണാതിരിക്കയില്ല. അതു നിങ്ങളെ ഭയവിഹ്വലരാക്കുന്നെങ്കിൽ വേറൊരു പേജു മറിച്ചുനോക്കുവിൻ. "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ! നിങ്ങൾ എല്ലാവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും." ഇതു വായിച്ചശേഷം വിശുദ്ധഗ്രന്ഥത്തിന്റെ വേറൊരു പക്കം പരിശോധിപ്പിൻ. "വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ദൈവത്തോടു സമാധാനമുണ്ടു്." വേദപുസ്തകത്തിന്മേൽ പൊടി പററി ആ പൊടി നിങ്ങളെ ശിക്ഷിച്ചു വിധിക്കത്തക്കവണ്ണം നിങ്ങൾ അതിനെ ദൂരെ ഇട്ടുകളയരുതെന്നു ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു. പ്രത്യുത, നിങ്ങൾ അതിനെ എടുത്തു നിങ്ങളുടെ മുട്ടിന്മേൽ നിന്നുകൊണ്ടു ദിവ്യോപദേശത്തിനായി ദൈവാത്മാവിനോടു പ്രാർത്ഥിപ്പിൻ. ഇതിന്റെ പേജുകളെ ഉത്സാഹപൂർവ്വം തിരഞ്ഞു നിങ്ങളുടെ ആത്മാക്കളുടെ രക്ഷ, കർത്താവായയേശുക്രിസ്തു മുഖാന്തരം അതിൽ കാണ്മാൻ കഴിയുമോ? എന്നു നോക്കുവിൻ. അങ്ങനെ ചെയ്യാൻ ദൈവത്തിന്റെ അനുഗ്രഹം യേശുക്രിസ്തു മുഖാന്തരം നിങ്ങളുടെമേൽ വസിക്കുമാറാകട്ടെ, ആമേൻ.

## നമ്മുടെ കൎത്താവിന്റെ
# പ്രാൎത്ഥനാജീവിതം.

നമ്മുടെ കൎത്താവിന്റെ ഭൗമികജീവിതം ഒരു പ്രാൎത്ഥനാജീവിതമായിരുന്നു.

അവൻ അതിരാവിലെ എഴുന്നേറ്റു തനിയെ നിൎജ്ജനസ്ഥലത്തു പോയി പ്രാൎത്ഥിച്ചു. മൎക്കൊസ് 1: 35.

അവൻ വൈകുന്നേരത്തു തനിയെ മലയിൽ പോയി പ്രാൎത്ഥിച്ചു. മത്തായി. 14: 23.

അവൻ രാത്രി മുഴുവനും മലയിൽ പോയി പ്രാൎത്ഥിച്ചു. ലൂക്ക് 6: 12.

പ്രസംഗത്തിനു മുമ്പായി അവൻ പ്രാൎത്ഥിച്ചു. മൎക്കൊ. 1: 36_38

പന്ത്രണ്ട് അപ്പോസ്തലന്മാരെ തിരഞ്ഞെടുക്കുന്നതിനു മുമ്പായി അവൻ പ്രാൎത്ഥിച്ചു. ലൂക്ക്. 6: 12_16.

നാലായിരം പേരെ പോഷിപ്പിക്കുന്നതിനു മുമ്പും, മുടന്തർ, ഊമർ, കുരുടർ, ഊനർ ഇവരെ സ്വസ്ഥമാക്കിയതിനു ശേഷവും അവൻ പ്രാൎത്ഥിച്ചു. മത്താ. 15: 30_39.

അപകടത്തിലായ ശിഷ്യന്മാൎക്കു സഹായം ചെയ്യുന്നതിനു മുമ്പായി അവൻ പ്രാൎത്ഥിച്ചു. മത്താ. 14: 24_33.

ഭക്ഷണത്തിനു മുമ്പായി അവൻ പ്രാൎത്ഥിച്ചു. ലൂക്ക്. 24: 30

പകൽ ഊൎജ്ജിതമായി വേല ചെയ്തതിന്റെ ശേഷം അവൻ പ്രാൎത്ഥിച്ചു. മൎക്കൊ. 1: 35.

അയ്യായിരം പേരെ പോഷിപ്പിച്ചശേഷം അവൻ പ്രാൎത്ഥിച്ചു. മത്താ. 14: 23.

അവൻ തനിച്ചു പ്രാൎത്ഥിച്ചു. ലൂക്ക് 9: 18.

പ്രാൎത്ഥിപ്പാൻ ഞങ്ങളെ പഠിപ്പിക്കേണമെ എന്ന് ഒരു ശിഷ്യൻ അപേക്ഷിച്ചപ്പോൾ ഉച്ചത്തിൽ പ്രാൎത്ഥിച്ചു. ലൂക്ക് 11: 1.

പത്രൊസിന്റെ വീഴ്ചയ്ക്കു മുമ്പായി അവനുവേണ്ടി പ്രാൎത്ഥിച്ചു. ലൂക്ക് 22: 31_32.

തന്റെ ശിഷ്യന്മാൎക്കുവേണ്ടി പ്രാൎത്ഥിച്ചു. യോഹ 17: 9, 15. 20, 24.

അവൻ ക്രൂശിൽവെച്ചു തന്റെ ശത്രുക്കൾക്കുവേണ്ടി പ്രാൎത്ഥിച്ചു. ലൂക്ക് 23: 34.

നിർജ്ജനസ്ഥലത്തു പോയി പ്രാർത്ഥിച്ചു. ലൂക്ക് 5: 16.
അവൻ സ്നാനം ഏററപ്പോൾ പ്രാർത്ഥിച്ചു. ലൂക്ക് 3: 21.
മറുരൂപസമയത്ത് അവൻ പ്രാർത്ഥിച്ചു. ലൂക്ക് 9: 28–29.
ലാസറിന്റെ കല്ലറയ്ക്കു സമീപത്തുവെച്ചു പ്രാർത്ഥിച്ചു.
യോഹ. 11: 33–38, 41, 42.

അവൻ തന്റെ കഷ്ടപ്പാടിന്റെയും മരണത്തിന്റെയും മു
യോഹ. 12: 27, 28.
മ്പു പ്രാർത്ഥിച്ചു.

ഗത്ത്ശമനെതോട്ടത്തിൽവെച്ചു പ്രാർത്ഥിച്ചു.
മത്താ. 26: 36–44;
മർക്കൊ. 14: 32–34;
ലൂക്ക് 22: 41–45.
മത്താ. 27: 46.

കുരിശിൽവെച്ചു പ്രാർത്ഥിച്ചു.
തന്റെ വേലയെ അവസാനിപ്പിച്ചശേഷം പ്രാർത്ഥിച്ചു.
ലൂക്ക് 23: 46.

കർത്താവു പ്രാർത്ഥനയോടുകൂടെ തന്റെ ദിവ്യശുശ്രൂഷ ആ
രംഭിക്കയും പ്രാർത്ഥനയോടുകൂടിത്തന്നെ അതിനെ അവസാനിപ്പി
ക്കയും ചെയ്തു.

## ഒരു നിരൂപണം. (തുടർച്ച)

11. സ്നാനശേഷം ഞാൻ ആശിച്ചപ്രകാരമുള്ള ഒരു നടത്തിപ്പു പ്രാർത്ഥ
നയുടെ ഫലത്തിൽ എനിക്കു ലഭിച്ചു. നിശ്ചയമായും ആ സമയം എന്നെ
പിടിച്ച ആശ്ചര്യശക്തി സ്വർഗ്ഗീയമായുള്ളതാണെന്ന് ആയിരുന്നു. അതിന്റെ
ശേഷം ഏകമയത്തിൽ ലഭിച്ച ഉറപ്പും, സ്വസ്ഥതയും, ആശ്വാസവും, പ്രകാശ
വും ദൈവത്തെക്കുറിച്ചുള്ള മനോബോധത്തോടുകൂടെ എന്നെ നടത്തിപ്പിൽ
സ്ഥിരപ്പെടുത്തി

12. സ്നാനശേഷം ദൈവവചനത്തോടു മുമ്പുണ്ടായിട്ടില്ലാത്തവിധത്തിൽ
ഒരു ശക്തി എനിക്കു ലഭിച്ചിരിക്കുന്നു. ആത്മസ്നേഹത്തിന്റെ ശക്തിയായിട്ടു
ഞാൻ കാണുകയും ചെയ്യുന്നു.

13 കർത്താവു തിരുമനസ്സിവസം ബോധപ്പെടുത്തിയ ഒരു സത്യമായ ക്രി
സ്തീയസഹോദരസംഘത്തെക്കുറിച്ചു ശക്തിയേറിയതും ശുദ്ധവും നിറഞ്ഞതുമായ ഇരി
ആലോചനകൾ എന്നിൽ ഓരോ സമയത്തും പ്രകാശിക്കപ്പെട്ടുകൊണ്ടു ലോക
ക്കുന്നതായി കാണുന്നു. നിശ്ചയമായും ആ സത്യത്തിന്റെ നിവൃത്തി ലോക
ത്തിൽ പ്രകാശിപ്പിപ്പാൻ കർത്താവു എന്നെ നടത്തുന്നു എന്നു ഞാൻ അറിയുന്നു.

14. സ്നാനത്തിന്റെശേഷം പുറമേയുള്ള വഴികളിൽ ഒരു വെളിച്ചവും
കാണപ്പെടുന്നു. മനസ്സലിവുള്ളവൻ അതിൽ തന്റെ ഇഷ്ടം തികയ്ക്കുമാറാകട്ടെ.

വിയോജിതനിൽ പ്രസിദ്ധീകരിച്ചതും താൻ സ്നാനപ്പെട്ടതി
ന്' ഏതാനുംമാസങ്ങൾക്കു (പക്ഷേ, ഒരാണ്ടിനു) മുമ്പെഴുതിയതു

മായ പ്രസ്തുത പ്രസംഗത്തിലും സ്ഥാനശേഷം താൻ എഴുതീട്ടുള്ളതായി മേൽ കാണിച്ച രേഖാസാക്ഷ്യത്തിലും ഉള്ള തീക്ഷ്ണവാചകങ്ങൾ വായിച്ചശേഷം ഉപദേശിയുടെ അനുഭവത്തോട്ട് ഈ വാചകങ്ങൾക്ക് ഒരു ബന്ധവുമില്ലെന്ന് ആരെങ്കിലും ഒരാൾ പറയുന്ന പക്ഷം ഇങ്ങനെയുള്ള ഒരാളിനെ മനുഷ്യരുടെ ലിസ്റ്റിൽ പെടുത്താവുന്നതല്ലെന്നുള്ളതിനു തർക്കമില്ല.

“എന്നാൽ അതിന്റെ പ്രസിദ്ധീകരണം സംബന്ധിച്ച താൻ യാതൊരാലോചനയും കൂടാതിരിക്കുമ്പോൾ” എന്നു ലേഖകൻ പിന്നാലെ പറയുന്നതു് അവാസ്തവമാണെന്ന് ഇപ്പോൾ കണ്ടുവല്ലൊ. കൂടാതെ, പ്രസ്തുത പ്രസംഗത്തിന്റെ പ്രസിദ്ധീകരണത്തെക്കുറിച്ച ഞങ്ങളോടു പലപ്പോഴും ആലോചിച്ചിട്ടുള്ള വിവരവും ഞങ്ങൾക്കു ശപഥപൂർവ്വം പറയാവുന്നതാണ്. എന്നുതന്നെയുമല്ല ശിഷ്യസ്ഥാനം തെററും വിശ്വാസസ്ഥാനം വേദവിഹിതവും മാത്രമല്ലാ താൻ പറയുംപോലെ “അതു് എന്നെന്നേക്കും സത്യവും” ആയിരിക്കുമ്പോൾ അതിന്റെ പ്രസിദ്ധീകരണത്തെ താൻ പ്രോത്സാഹിപ്പിക്കുകയല്ലാതെ തടയുകയൊ ആ സംഗതിയിൽ മടിക്കുകയൊ ചെയ്യുമെന്നു സുബുദ്ധിയുള്ളവർ സ്വപ്നേപി ഊഹിക്കാവുന്നതല്ല.

4. ഇനിയും ലേഖകൻ “കൊച്ചുകുഞ്ഞുപദേശി അവർകൾക്കു വല്ലതും പ്രസിദ്ധീകരിപ്പാനുണ്ടെങ്കിൽ തന്റെ പ്രത്യേക ചുമതലയിൽ നടത്തപ്പെടുന്ന * പ്രഭാതദൂതൻ മാസികയില്ലെ? വിദയാജിതനെ ആശ്രയിക്കണമൊ? എന്നിപ്രകാരം ആലോചനയുള്ള ഏവർക്കും തോന്നാവുന്നതും വിദയാജിതന്റെ വ്യാജഭാവന നിഷ്പ്രയാസം പ്രത്യക്ഷമായി മനസ്സിലാക്കാവുന്നതുമാണ്” എന്നു പറയുന്നു. ഇതും ഒരു മറിച്ചിൽ തന്നെ. പ്രഭാതദൂതൻ മാസിക തുടങ്ങീട്ട് അധികവർഷങ്ങളായിട്ടില്ല. അതു ഭൂലോകജാതം ചെയ്യുന്നതിനു മുമ്പാണ് പ്രസിദ്ധീകരണത്തിനുള്ള സമ്മതി ഞങ്ങൾക്കു നൽകിയതു. അങ്ങനെയിരിക്കെ പ്രസ്തുത സ്ഥാനപ്രസംഗം അതിൽ പ്രസിദ്ധം ചെയ്യുന്നതു് എങ്ങനെ? പ്രസിദ്ധീകരണത്തിനുള്ള സൌകര്യങ്ങൾ അന്ന് അദ്ദേഹത്തിനു് ഇല്ലാതിരുന്നതിനാലാണ് ഒരു ലഘുലേഖയായി ഈ പ്രസംഗം അടിപ്പിക്കുവാൻ ഞങ്ങളെ ഏല്പിച്ചതു്. ഉപദേശി അവർകളുടെ ഈ ജീവനുള്ള കൃതി അച്ചടിച്ച പ്രചരിപ്പിക്കണമെന്നുള്ള അതിയായ വാഞ്ഛയും സ്ഥാനപക്ഷപാതിത്വവും എനിക്കു ധാരാളമുണ്ടായിരുന്നു.

5. “ഒരാളെക്കുറിച്ചു തെററിദ്ധരിപ്പിക്കുന്നതിനു മാത്രമായി ചെയ്ത ഈ ശ്രമം ക്രിസ്ത്യാനിത്വമൊ?” എന്നു ലേഖകൻ ചോദിക്കുന്നു. വായനക്കാർക്ക് ഉപദേശിയെക്കുറിച്ച് ഒരു തെററിദ്ധാരണയും ഉണ്ടാകാതവണ്ണം തന്റെ അഭിപ്രായം ശരിയായി ഉപദേശി

* ഇങ്ങനെ പറയുന്ന ലേഖകൻ ‘താരക’യെ ആശ്രയിച്ചതു മഹാത്ഭുതം.

ഇതിൽ പ്രസ്താവിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല; എന്നു മാത്രമല്ല പ്രസംഗവാചകങ്ങൾക്കു യാതൊരു മാററവും ഞങ്ങൾ ചെയ്തിട്ടില്ലാത്ത സ്ഥിതിക്കു ഞങ്ങൾ മൂലം ഒരു തെററിദ്ധാരണയും ഉപദേശിയെക്കുറിച്ചുണ്ടാകയില്ലെന്നുള്ളതു് അവിതൎക്കിതമാകുന്നു.

6. ലേഖകൻ, "ഇതു പത്രധൎമ്മത്തിനു ചേരുന്നതോ?" എന്നും ചോദിക്കുന്നുണ്ടു്. പ്രസിദ്ധീകരിപ്പാൻ തനിക്കു് അനുവാദം കിട്ടിയ ഒരു പ്രസംഗം പത്രാധിപർ പ്രസിദ്ധീകരിക്കുന്നെങ്കിൽ അതു പത്രധൎമ്മത്തിനു ചേരുന്നതല്ലെന്നു് ഏതൊരു പത്രധൎമ്മത്തിലാണു് ലേഖകൻ കണ്ടതെന്നു പറഞ്ഞാൽ കൊള്ളാം.

7. "ഒരുപക്ഷേ ഇതിനും വിയോജിതൻ വാക്യം കണ്ടിട്ടുണ്ടായിരിക്കാം". ഈ പ്രജല്പനം കൊണ്ടു് എല്ലാ സംഗതികൾക്കും വാക്യം അന്വേഷിക്കുന്ന ഒരു കുററമാണു് വിയോജിതന്റെ മേൽ എഴുത്തുകാരൻ ആരോപിക്കുന്നതെന്നു തോന്നുന്നു. നിവൃത്തിയുണ്ടെങ്കിൽ എല്ലാററിനും വാക്യം കണ്ടുപിടിക്കയും അതിന്നനുസാരമായി പ്രവൎത്തിക്കയും ചെയ്യണമെന്നാണു് വിയോജിതമതം—എന്നു ലേഖകനെയും ഉപദേശി അവർകളെയും അറിയിച്ചുകൊള്ളുന്നു.

8. "ഈ ലേഖനാപഹരണകൃത്യവും ദുർബോധനയും അനുചിതവും അനാത്മികവുമാണെന്നുള്ളതിനു തൎക്കമില്ലാത്തതാകുന്നു". എഴുത്തുകാരൻ ഇവിടെ ലേഖനാപഹരണകൃത്യമെന്നു പറഞ്ഞിരിക്കുന്നതു കേവലം വ്യാജമല്ലയോ? ഒരാൾ താൻ എഴുതിയ ഒരു് ഉപന്യാസം വേറൊരാളിന്റെ കൈവശം കൊടുക്കയും അതു് അച്ചടിച്ചു പ്രസിദ്ധീകരിപ്പാൻ അയാളുമായി ആലോചന നടത്തുകയും അനുവദിക്കയും ചെയ്തതിന്റെ ശേഷം പ്രസംഗം വാങ്ങിയ ആൾ അതിനെ അച്ചടിപ്പിച്ചാൽ അതിനു ലേഖനാപഹരണകൃത്യം എന്നാണോ എഴുത്തുകാരന്റെ നിഘണ്ടുവിൽ പേർ പറയുന്നതു്? അങ്ങനെയെങ്കിൽ അതു മനുഷ്യഭാഷയുടെ നിഘണ്ടുവല്ലതന്നെ. ലേഖകന്റെ പ്രകടനം വാസ്തവമായിരുന്നാൽ പ്രഭാതമ്പൻ കാലംതോറും "ലേഖനാപഹരണം" ചെയ്തുപജീവിക്കയാണെന്നുള്ളതിനു സംശയമില്ല. എല്ലാം മാസികകളെയും ഈ വിധത്തിൽ ലേഖകനു ദൂഷണം ചെയ്യാവുന്നതുമാണു്.

എന്തൊരു ദുർബോധനയാണു് ഈ പ്രസംഗം മുഖാന്തരം ഞങ്ങൾ ജനങ്ങൾക്കു കൊടുത്തതു് എന്നു ലേഖകൻ പറഞ്ഞാൽ കൊള്ളാം. ഞങ്ങൾ പ്രസ്തുത പ്രസംഗത്തിൽ ഒരു വാക്കുപോലും ചേൎത്തിട്ടില്ലാത്തതുകൊണ്ടു് പ്രസ്തുത പ്രസംഗം മുഴുവൻ ഉപദേശിയവർകളുടെ ദുർബോധനയാണെന്നേ വരുവാൻ തരമുള്ളു. അങ്ങനെയെങ്കിൽ ഈ ദുർബോധന എഴുതി ഞങ്ങളെ ഏല്പിച്ചതു് എന്തുകൊണ്ടാണെന്നു് ഉപദേശിയവർകളോടു ലേഖകൻ ചോദിക്കേണ്ടതാണു്. അദ്ദേഹത്തോടു ചോദിക്കാതെ ഈവിധം പ

റഞ്ഞു ഞങ്ങളെ ശകാരിക്കുന്നതിനു കിട്ടിയ ഒരു സൗകര്യം വെറുതെ ഉപേക്ഷിച്ചുകളയരുതെന്നു വിചാരിച്ചു മാത്രമായിരിക്കും.

9. ലേഖകന്റെ വേറൊരു പ്രകടനമാവിതു: "കുറഞ്ഞൊരു കാലം കൊണ്ടു പിരിഞ്ഞുപോയ ബന്ധുക്കളെ നേടേണ്ടതിനും സംശയഗ്രസ്തരായ വിയോജിതരോടു യോജിപ്പുണ്ടെന്നുള്ള വ്യാജേന നിൽക്കുന്ന ചിലരെയെല്ലാം യഥാസ്ഥാനപ്പെടുത്തേണ്ടതിനും ശ്രീകാഷ്ഠത്തുപദേശിയവർകളുടെ ഈ ലേഖനം അല്പമെങ്കിലും സഹായിക്കുമെന്നുള്ള ദുരാഗ്രഹമല്ല ഈ സാഹസകൃത്യത്തിനു വിയോജിതനെ പ്രേരിപ്പിച്ചതു".

ലേഖകൻ പറയുന്നതുപോലെ ഇവിടെനിന്നു ബന്ധുക്കൾ പിരിഞ്ഞിട്ടില്ല. പിരിഞ്ഞവരെ യഥാസ്ഥാനപ്പെടുത്തുവാൻ ഈ ലേഖനം ഉപകരിക്കുമെന്നു ഞങ്ങൾക്കു തോന്നുന്നുമില്ല. അല്ലെങ്കിൽ ഉപദേശിയെ തിരിയെ കൊണ്ടുവരുവാൻ ഈ ലേഖനം മതിയാകുമായിരുന്നു. വിയോജിതസംഘത്തിൽ നിന്നു പിരിഞ്ഞുപോകുന്നവർ സ്ഥാനപ്പെട്ടവരായിരിക്കുമെന്നുള്ള കഥ ലേഖകൻ ഇന്നിയും അറിയാത്തതിൽ ദുഃഖിക്കുന്നു. അടുത്തു താമസിച്ചിട്ടും വിയോജിതന്മാരെക്കുറിച്ച് ഒരു തിരക്കും ചെയ്യാതിരുന്നതുകൊണ്ടാണ് ലേഖകൻ ഈ ദുർഘടത്തിൽ ചാടിവീണതു. കൂടാതെ സ്ഥാനപ്പെടാത്തവർ സ്ഥാനപ്പെടണമെന്നുള്ള ആഗ്രഹം ദുരാഗ്രഹമോ? ഈ ആഗ്രഹം ഉപദേശിക്കുണ്ടെന്ന് ആദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്നു കാണുമ്പോൾ ആ ആഗ്രഹത്തിനു ലേഖകൻ എന്തു പേരു പറയും എന്നു ഞങ്ങൾ ലേഖകനോടു ചോദിച്ചുകൊള്ളുന്നു.

10. "ഹാ! എന്തു രസം! സമുദായഭേദമെന്യേ എവരും പ്രവർത്തിച്ചു രക്ഷിതാവിന്റെ വരവിനായി കാത്തിരിക്കണമെന്നു പ്രകാശതൻ മാസികയിലും അതേസമയം തന്നേ അന്യസമുദായങ്ങളിൽ നിൽക്കുന്നവർക്കും മറ്റും രക്ഷയില്ലെന്നു കൊട്ടിഘോഷിക്കുന്ന വിയോജിതരുടെ വക വിയോജിതൻമാസികയിൽ സ്ഥാനനിരൂപണമെഴുതി വഴക്കു വർദ്ധിപ്പിക്കുന്നെന്നും മറ്റും പൊതുലോകത്തെ തെറ്റിദ്ധരിപ്പിക്കുന്നതു എത്ര വൈരാഗ്യമാണ്. ഇതു കാച്ചൻ കുന്നിനു മുത്തും മുരിത്തും നല്ലതു എന്നു കുറിച്ചതിൽ ആദ്യത്തെ രണ്ടു മൂന്നക്ഷരങ്ങൾ മറച്ചുവച്ചുംകൊണ്ടു കുന്നിനു മുത്തും മുരിത്തും നല്ലതു എന്നു വായിക്കുന്നതുപോലെ അല്ലാതെ വല്ലതുമുണ്ടോ?"

ഈ പ്രകടനത്തിൽ നിന്നു "സമുദായഭേദമെന്യേ എവരും പ്രവർത്തിച്ചു രക്ഷിതാവിന്റെ വരവിനെ കാത്തിരിക്കുന്നതിനു" ഉപദേശിയുടെ സ്ഥാനപ്രബന്ധം ഒരു പ്രതിബന്ധമായിരിക്കുന്നുവെന്നാണ് മനസ്സിലാക്കേണ്ടതു. ഇതു വാസ്തവമോ? വിശ്വസിച്ചു സ്ഥാനപ്പെടണമെന്നുള്ള [illegible]

ത്തിരിക്കുന്നതിനു തടസ്സമാണോ? അങ്ങനെയെങ്കിൽ ജോൺബനി
യൻ, സ്പർജ്ജൻ മുതലായ വിശ്വാസസ്ഥാനക്കാർ കർത്താവിന്റെ വ
രവിൽ കൈക്കൊള്ളപ്പെടുകയില്ലെന്നു ലേഖകൻ തീർച്ചപ്പെടുത്തി
യിരിക്കയാണ്. ഇതു വിവരമുള്ള വല്ല ക്രിസ്ത്യാനിയും സമ്മതിക്കു
മോ? കൂടാതെ ഉപദേശിയുടെ വേറൊരു രേഖ തന്നെ ഈ അ
ഭിപ്രായത്തെ നിർമ്മൂലം തകർക്കുന്നതായി ഞങ്ങൾ കാണിക്കാം.

"രോഗസംബന്ധമായി നേരിട്ട ഒരു അന്ധകാരഭാവത്തിൽ
ഞാൻ മർത്തോമ്മാസമുദായത്തിൽനിന്നു വേർപെട്ട് കർത്താവിനാ
യി ഒരു മണവാട്ടിസഭയെ ഒരുക്കുന്നതിനായി ഏല്പെടാൻ അവൻ
എന്നെ വിളിക്കുന്നുവോ എന്ന് ഒരു ചോദ്യഭാവം 88 വൃശ്ചികം
4-ാം നു- എന്നിൽ വന്നു. ഇത് എന്റെ കൃത്രിമമല്ല. എന്നിൽ ദൈ
വം ഉയർത്തിയ ഒരു ഭാവമാണെന്ന് എനിക്കു തൽക്ഷണം ഉണ്ടായ
ഒരു പ്രകാശം മൂലം നിശ്ചയമായി".

"ഇടവകയിലെ വേല വിട്ടുകളഞ്ഞതു കർത്താവിന്റെ മുൻ
പാകെ തെറ്റായിപ്പോയിട്ടില്ലയോ? ഇടവകയിൽ നിന്നു വിട്ടുമാറി
നിൽക്കത്തക്ക നടത്തിപ്പുകൾ എന്റെ അറിവിനു പൂർണ്ണമായി ബോ
ധിക്കത്തക്ക അനേക വശങ്ങളിൽ ദൈവത്തിൽ നിന്നു ലഭിച്ചതി
നാൽ അതിൽ ഞാൻ കർത്താവിന്റെ സന്നിധിയിൽ തെറ്റിപ്പോ
യിട്ടില്ലെന്നു കൃപയിൽ ധൈര്യപ്പെടുന്നു".

ഉപദേശിയുടെ രണ്ടാം നമ്പർ രേഖയിൽ കാണുന്ന ഈ പ്ര
കടനത്തിൽ നിന്നു കർത്താവിന്റെ വരവിനു വേണ്ടി തന്റെ ജ
നങ്ങളെ ഒരുക്കുന്നതു മർത്തോമ്മാ സമുദായത്തെ വിട്ടുപിരിഞ്ഞു സ്ഥാ
നപ്പെട്ട ശേഷം വേണ്ടതാണെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. ഈ സ്ഥിതി
ക്കു സമുദായസ്ഥന്മാർ സമുദായഭേദമെന്യേ പ്രവർത്തിച്ചു രക്ഷിതാ
വിന്റെ വരവിനായി കാത്തിരിക്കണമെന്നു പറയുന്നതെങ്ങനെ?

മാത്രമല്ല, ഒരു സമുദായസ്ഥനു സമുദായഭേദമെന്യേ പ്രവർത്തി
പ്പാൻ എങ്ങനെ കഴിയും? താൻ നിൽക്കുന്ന സമുദായത്തോടു വി
ശ്വസ്തനായി പെരുമാറുന്ന കാലത്തോളം ഒരുവനു സമുദായഭേദം
കൂടാതിരിപ്പാൻ കഴികയില്ല. ഇങ്ങനെയിരിക്കെ ഒരു വിശ്വസ്തൻ
സമുദായഭേദമെന്യേ പ്രവർത്തിക്കുന്നതെങ്ങനെ? ഉപദേശി തന്നെ
ഇപ്പോൾ മർത്തോമ്മാസമുദായത്തിൽ നിൽക്കുകയാണല്ലോ. മർത്തോ
മ്മാസമുദായത്തെയും യാക്കോബായസമുദായത്തെയും അദ്ദേഹം ഒ
രുപോലെ വിചാരിക്കയാണെങ്കിൽ അദ്ദേഹം മർത്തോമ്മാസമുദായ
ത്തിന്റെനേർക്കു വിശ്വസ്തനായിരിക്കയില്ല. ഉപദേശിയുടെ ഇടവ
കയിൽ കുറെ പേർ യാക്കോബായസമുദായത്തിൽ പോകുവാൻ
ഭാവിച്ചപ്പോൾ സമുദായഭേദം വിചാരിക്കാതെ ഉപദേശിയവർ
കൾ യാക്കോബായയിൽ പോകുവാൻ അവരെ പ്രോത്സാഹിപ്പിക്കു
കയാണോ ചെയ്തത്? എവിടെയെങ്കിലും ഒരു ക്രിസ്ത്യാനിയായി നി

ന്നാൽ മതിയെന്നുള്ള മുറസ്സ് മത്തോമ്മാസമുദായത്തെക്കാൾ ഉയൎന്ന നിലയിൽ ഇരിക്കുന്ന യാക്കോബായ സമുദായത്തിലേക്കു പോകുന്നവരെ തടയുവാൻ പഠിച്ച പണി പതിനെട്ടും കഴിച്ചതെന്തിന്? എല്ലാ സമുദായങ്ങളെയും ഒരുപോലെ വിചാരിക്കുന്നയാളിൻെറ ദൃഷ്ടാന്തമാണോ ഇത്? മാത്രമല്ല, എല്ലാ സമുദായത്തെയും താൻ ഒരുപോലെ വിചാരിച്ചിട്ടുണ്ടെങ്കിൽ ചില സമുദായങ്ങളുടെ ഉപദേശത്തെ താൻ കഠിനമായി ആക്ഷേപിക്കയും ആ സംഗതിയിൽ ധാരാളം വാശി പിടിക്കയും ചെയ്യുന്നതെന്തുകൊണ്ട്? വാചാപ്രസംഗങ്ങളിൽ മാത്രമല്ല എഴുത്തിലും പാട്ടിലും കൂടി ഇതരസമുദായങ്ങളെ ഇദ്ദേഹം കുററപ്പെടുത്തുന്നതു നാം ദിനേന കണ്ടുവരുന്നതാണ്. ഇതിൻെറ തെളിവിനായി ഉപദേശിയുടെ പാട്ടിൽ ചില ഭാഗങ്ങൾ ഉദ്ധരിക്കാം.

“ദുരുപദേശങ്ങളേ നാം സൂക്ഷിക്ക.”

പല്ലവി.

സാധുക്കൾ മയങ്ങരുതേ—ബലഹീന
സാധുക്കൾ മയങ്ങരുതേ

ചരണങ്ങൾ.

1. സാത്താൻ വെളിച്ചദൂതൻ വേഷം ധരിച്ചു പല
സൂത്രം കയ്യിലെടുത്തു വരും വരും
ഓൎത്താൽ ചിലരവൻെറ ഉററ സഖാക്കളായി
സത്യം മുററും വെറുത്തു പോകും പോകും.

3. ക്രിസ്തേശു വീണ്ട സഭയ്ക്കാകെ കേടുവരുത്താൻ
ഉള്ളിൽനിന്നും പലർ ഉണ്ടായി ഉണ്ടായി
ശീമോൻമാഗസ്സു പിന്നെ നിക്കോലാസെന്നവരും
സത്യമാംപാതവിട്ടു പോയി പോയി.

4. * പണ്ടു മോശെ ദുഷിച്ച കോറഹ് ദാഥാൻ അബീറാം
എന്നവണ്ണം ബഹുക്കൾ വരും വരും
അദ്ധ്യക്ഷരില്ലവരിൽ എല്ലാം സമാനമത്രേ
ബോൾഷേവിക്കെന്നപോലെ ചൊല്ലും ചൊല്ലും.

5. + ത്രിത്വവിശ്വാസം തള്ളി അറിയൂസതാനും നശിച്ചു
ഇപ്പോൾ അവൻെറ പിന്നിലെത്രായിരം
സാത്താൻ പള്ളിയിടങ്ങളാകും സഭകളേറെ
÷ ക്രിസ്തുൻ രണ്ടാംവരവു തള്ളും സഭയുമുണ്ട്.

---

* ബ്രദർസംഘത്തെ ആക്ഷേപിക്കുന്നു.

+ റസ്സൽകാരെ ആക്ഷേപിക്കുന്നു.

÷ യഹോവയസഭയെ ആക്ഷേപിക്കുന്നു.

6. × ക്രിസ്ത്യൻസഭയിൽ പല ശാഖകളുള്ളതിനാൽ
എല്ലാം തള്ളി വിടേണം എന്നും ചിലർ
അപ്പ്രാസ്സിൽ ബാബിലോനായാഴിയിൽ താഴുമെന്ന
കള്ളം പറഞ്ഞുമവർ വരും വരും.

## "കൃപാവിശ്വാസം."

1. കൃപയിൻ സുവിശേഷപരമാർത്ഥം സ്മരിച്ചെൻറ
ഉള്ളം കുളിൻ.

4. = സ്നാനം രക്ഷയല്ലെൻറ മോചനമതിലല്ല
കാൽവറിക്രൂശിൽ.

5. അപ്പദ്രാക്ഷാരസങ്ങളല്ലെൻറ ജീവനായി
പൊന്നേശുവാക്യം.

6. സഭാദ്ധ്യക്ഷകർമ്മങ്ങൾ രക്ഷയ്ക്കിന്നെളുതല്ലാ
രക്ഷിപ്പതീശൻ.

ഈ പാട്ടുകളിൽനിന്ന് ഉപദേശിയവർകൾ റോമാ, യാക്കോബായ, ആംഗ്ലിയാ, ബ്രദറൺ, വിയോജിതസഭ, യുയോമയസഭ, റസ്സൽസഭ എന്നീ ഏഴു സഭകളെ ദൂഷിച്ചിരിക്കുന്നതായും താൻ നിൽക്കുന്ന മർത്തോമ്മാസഭയെ ഈ കൂട്ടത്തിൽ പെടുത്തിട്ടില്ലായ്കകൊണ്ട് അതിനെ ശുദ്ധമാനസഭയായി ഗണിച്ചിരിക്കുന്നതായും വെളിവാകുന്നു.

ഇത്രയുംകൊണ്ടു സ്വല്പം മനസ്സാക്ഷിയുള്ള ഏതുസമുദായവും തങ്ങളുടെ ഉപദേശത്തിൻെറ വെറുപ്പുകൊണ്ടു തങ്ങളോടുകൂടി നില്പാൻ ആരെയും അനുവദിക്കയില്ലെന്നും ഉപദേശിയവർകൾക്കുപോലും അങ്ങനെ നിഷ്പക്ഷനിലയിൽ നില്പാൻ കഴിയുന്നില്ലെന്നും സുവ്യക്തമായിരിക്കുന്നു. ഇങ്ങനെയിരിക്കെ സമുദായഭേദമെന്യേ പ്രവർത്തിക്കണമെന്നു മൂന്നോ നാലോ വയസ്സുള്ള ശിശുക്കളോടു ഗുണദോഷിക്കാമെന്നല്ലാതെ പ്രൗഢബുദ്ധിയായ ഒരു മനുഷ്യനോടു പറവാൻ തീരെ സാധിക്കുന്നതല്ല. ഉപദേശിയവർകളുടെ ഉപദേശപ്രകാരം എല്ലാവരും സമുദായഭേദമെന്യേ നിന്നാൽ ഒരു മിനിട്ടുകൊണ്ടുതന്നെ സകലസമുദായങ്ങളുടെയും കഥ അവസാനിക്കുമെന്നുള്ളതിനു സംശയമില്ല. ഇതൊന്നും ആലോചിക്കാതെ നമ്മുടെ ലേഖകൻ ഈവിധം എഴുതിക്കൂട്ടിയതു കഷ്ടംതന്നെ.

"അന്യസമുദായങ്ങളിൽ നില്ക്കുന്നവർക്കു രക്ഷയില്ലെന്നു" വിയോജിതന്മാർ കൊട്ടിഘോഷിക്കുന്നതായി ലേഖകൻ ഈ ഭാഗത്തു

---

× വിയോജിതന്മാരെ ആക്ഷേപിക്കുന്നു.

= റോമാ, യാക്കോബ്യ, ആംഗ്ലിയാ ഈ സഭകളെ ആക്ഷേപിക്കുന്നു

പറഞ്ഞിരിക്കുന്നു. ഇങ്ങനെ വിദയാജിതന്മാർ പറയുന്നതായി കേട്ടിട്ടില്ല. ഏതു സമുദായത്തിൽ നിന്നായും രക്ഷ ലഭിക്കുമെന്നും എന്നാൽ രക്ഷ ലഭിച്ചശേഷം അവിടെ നിൽക്കാൻ പാടില്ലെന്നും മാത്രമേ വിദയാജിതന്മാർ പറയുന്നുള്ളൂ. ലേഖകന്റെ ഈ പ്രകടനം ഒരു പരമാർത്ഥമില്ലായ്മയാണ്. അദ്ദേഹം വിദയാജിതന്മാരുടെ സംഗതികൾ മനസ്സിലാക്കുന്നതു സ്വപ്നം മുഖാന്തരമാണെന്നാണ് തോന്നുന്നതു്. തന്റെ സ്വദേശികളായ ഇടയന്മാരേക്കാളുമുള്ള വിദയാജിതന്മാരോടു മാത്സര്യസംബന്ധമായി നാവു് അനക്കുവാൻ ഇനിയാത്ത ഇദ്ദേഹം ഇതരമാർഗ്ഗേണ അറിഞ്ഞു എന്നു വരുന്നതല്ല. അതുകൊണ്ടല്ലേ ഈ വ്യാജങ്ങളെല്ലാം ഒന്നിനുമീതെ ഒന്നായിക്കൂട്ടുവാൻ അദ്ദേഹത്തിന്നിടവന്നതു്.

സ്ഥാനനിരൂപണമെഴുതിയാൽ സമുദായവഴക്കു വർദ്ധിക്കുമെന്നു ലേഖകൻ ഇവിടെ പറഞ്ഞുകാണുന്നു. അദ്ദേഹം എഴുതിയ സ്ഥാനനിരൂപണം ദൈവവചനപ്രകാരമാകയാൽ സമുദായവഴക്കു കുറയുവാനേ ഇടയുള്ളുവെന്നാണ് ഞങ്ങൾക്കു തോന്നുന്നതു്. അല്ലെങ്കിൽ ഉപദേശിയവർകൾ ഈ പ്രസംഗം എഴുതിയതു വചനപ്രകാരമല്ലെന്നും പ്രസ്തുതപ്രസംഗം അദ്ദേഹത്തിന്റെ തോന്ന്യാസമാണെന്നും ലേഖകൻ പറയട്ടെ. ലേഖകൻ അങ്ങനെ പറകയില്ലെന്നു ഞങ്ങൾ വിശ്വസിക്കുന്നു. കൂടാതെ സമുദായവഴക്കു വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പ്രസംഗമാണോ നിങ്ങൾ എഴുതിയതെന്ന് ഉപദേശിയോടു ചോദിച്ചാൽതന്നെ, ആണെന്ന് അദ്ദേഹം പറയുമോ? ഒരിക്കലുമില്ല. താൻ എഴുതിയതു പരിശുദ്ധമായ ആന്തരത്തോടുകൂടിയാണെന്നും ആ ആന്തരം സാധിക്കുന്നതിനു തന്റെ പ്രസംഗത്തിനു ശക്തിയുണ്ടെന്നും ഏറ്റുപറയാതെ ഉപദേശിക്കു നിവൃത്തിയില്ല.

ഇതിനോടു ചേർത്തു് ഒരു ദൃഷ്ടാന്തം ലേഖകൻ പറയുന്നുണ്ട്. അതിന്റെ അർത്ഥമെന്തെന്നു മനസ്സിലാക്കുവാൻ തീരെ നിവൃത്തിയില്ലാത്തതുകൊണ്ട് അതിനെപ്പറ്റി ഒന്നുംതന്നെ പറയുന്നില്ല. ഉപദേശിയുടെ പ്രസംഗത്തിൽ വല്ലഭാഗവും മറച്ചുവച്ചുകൊണ്ടാണ് ഞങ്ങൾ പ്രസിദ്ധപ്പെടുത്തിയതെന്നു ലേഖകനോ ഉപദേശിയവർകളോ പറവാൻ ധൈര്യപ്പെടുമെന്നു തോന്നുന്നില്ല. പിന്നെ ആ ഉദാഹരണത്തിന്റെ അർത്ഥം എന്താണാവോ?

11. "ഇങ്ങനെ വല്ലതുമൊക്കെ ക്രമവിരുദ്ധമായി പ്രസിദ്ധപ്പെടുത്തുന്നതിനു കൊച്ചുകുഞ്ഞുപദേശി അവർകൾക്കുമുണ്ടായിരിക്കുമെന്നാണ് എന്റെ അറിവ്" എന്നു ലേഖകൻ പറയുന്നു.

ഞങ്ങളുടെ ഈ നിരൂപണം വായിച്ചാൽ "വല്ലതുമൊക്കെ ക്രമവിരുദ്ധമായി" ഞങ്ങൾ പ്രസിദ്ധപ്പെടുത്തിട്ടില്ലെന്നും ആരും അറിയാതെ ഉപദേശിയവർകൾ താൻ സ്ഥാനപ്പെട്ടതിനു് ഏതാനും

മാസങ്ങൾക്കുമുൻപ് എഴുതിയ ഒരു പുസ്തകം പ്രസിദ്ധീകരിപ്പാൻ എന്നെ ഏല്പിച്ചിട്ടുള്ളതാണെന്നും അതിൻെറ പ്രസിദ്ധീകരണത്തിനുള്ള ആലോചനയിൽ അദ്ദേഹവും എന്നോടുകൂടി ഹൃദയപൂർവ്വം പങ്കെടുത്തിട്ടുണ്ടെന്നും ഉള്ളത് ഏവർക്കും സ്പഷ്ടമാകുന്നതാണ്. ഞാൻ പ്രസിദ്ധീകരിപ്പാൻ ഏതെങ്കിലും എഴുതി ഉപദേശി അവർകളെ ഏല്പിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹം അതു പ്രസിദ്ധീകരിച്ചുകൊള്ളട്ടെ, എനിക്കു വിസമ്മതമില്ല.

12. “ഹാ! ദൈവമേ! ക്രൈസ്തവലോകത്തിലെ ഈമാതിരി പിത്തലാട്ടങ്ങൾ എന്നാണാവോ അവസാനിച്ചുകാണുക” എന്നു ലേഖകൻ നിലവിളിക്കുന്നു. ഇവിടെ ദൈവത്തെ വിളിപ്പാൻ വിശേഷിച്ചു സംഗതിയൊന്നുമില്ലെന്നും യഹോവയുടെ നാമം വൃഥാ എടുക്കരുത് എന്ന കല്പനയെ ലംഘിക്കാൻമാത്രം ഇങ്ങനെ വിളിച്ചതാണെന്നും വായനക്കാർ മനസ്സിലാക്കുമല്ലൊ. പ്രസിദ്ധീകരിപ്പാൻ ഏല്പിച്ചതു പ്രസിദ്ധീകരിച്ചതാണോ പിത്തലാട്ടം. അതോ പ്രസിദ്ധീകരണംകൊണ്ടു വരാവുന്ന ശരീരപ്രകാരമുള്ള ദോഷഫലങ്ങളെ ഭയന്നു സാധുക്കളെ ശകാരിക്കുന്നതാണോ പിത്തലാട്ടം. ഉപദേശിയവർകളും ലേഖകനുംകൂടി തങ്ങളുടെ മനസ്സാക്ഷിയിൽ ആലോചിച്ച് ഇതിന് ഉത്തരം പറയട്ടെ.

ഈ പ്രസംഗം ഞങ്ങൾ വായിച്ചപ്പോൾ ഞങ്ങളുടെ ഇരുഭാഗത്തെയും സംഗതികൾ കാണിച്ചു വിസ്തീർണ്ണമായ ഒരു പ്രസംഗം എഴുതണമെന്നാണ് ഞങ്ങൾക്കു തോന്നിയതു്. എങ്കിലും മാസികയുടെ ഒരു നല്ല ഭാഗം ഇതിനായിട്ടു വിനിയോഗിക്കുന്നതിനു സ്വല്പം മടിക്കയുണ്ടായി. സ്വദേശിയായ ഒരു ചെറുപ്പക്കാരൻെറ പ്രസംഗത്തെ ഖണ്ഡിക്കുന്നതിൽ പ്രയോജനമുണ്ടാകുമോ എന്നും ഞങ്ങൾ സംശയിക്കാതിരുന്നില്ല. എങ്കിലും ഒടുവിൽ എഴുത്തുകാരൻ എന്ന് അറിയപ്പെടുന്ന ആൾ ഉപദേശി അവർകളുടെ ഒരു കോമരം മാത്രമാണെന്നും വാചകവും ആശയങ്ങളും ഉപദേശിയുടേതു തന്നെയാണെന്നും ഞങ്ങൾ നിശ്ചയിക്കയാണുണ്ടായതു്. ഈ പ്രസംഗത്തിലെ വാചകങ്ങളുടെ അർത്ഥം മനസ്സിലാക്കുവാൻ ഞങ്ങൾ വളരെ പണിപ്പെട്ടു. പ്രഭാതപത്രത്തിൽ കാണുന്നതുപോലെയുള്ള അധമമലയാളമായിരുന്നുവെങ്കിൽ ഈ പ്രസംഗം മനസ്സിലാക്കുവാൻ എളുപ്പമുണ്ടായിരുന്നു. എന്നാൽ കാകൻ അന്നനടയ്ക്കായി ശ്രമിച്ചതുപോലെ താൻ ഉപയോഗിച്ചുവരുന്ന ഹീനമലയാളം വിട്ടുവെച്ചു പരിഷ്കൃതഭാഷയിൽ അഥവാ പത്രഭാഷയിൽ എഴുതാൻ പുറപ്പെട്ടപ്പോൾ മാർത്താണ്ഡവർമ്മയിലെ സുന്ദരയ്യൻെറ മലയാളം പോലെ കലാശിക്കയാണുണ്ടായതു്. ഹാ! എന്തുരസം, കിംബഹുനാ ഈ രണ്ടു പദങ്ങൾ അസ്ഥാനത്തു പ്രയോഗിച്ചിരിക്കുന്നതു കണ്ടാൽ ഭാഷാഭിമാനികൾ ലജ്ജിച്ചു തല താഴ്ത്താതെ ഇരിക്കയില്ല. “ഹാ! എന്തുരസം” എന്നാരംഭിക്കുന്ന നെടുവാചകത്തിൻെറ ഇട

ന നോക്കുക. പ്രഭാതസ്ഥതൻമാസികയിലും, ഏന്തു കഴിഞ്ഞിട്ടു ശ്രമിക്കുന്നെന്നും, എന്നിങ്ങനെ ഒരു വാക്യംവച്ചാണ് ലേഖകശബ്ദത്തിന്റെ ആകാംക്ഷ സാധിച്ചിരിക്കുന്നതു്. രണ്ടു ഡാഷ് ഈ ഭാഗത്തിട്ടിരിക്കുന്നതു് എന്തിനാണാവോ? ഇംഗ്ലീഷു, മലയാളം, സംസ്കൃതം, തമിഴ് എന്നിവയുടെ വ്യാകരണങ്ങൾ എല്ലാം പാരായണം ചെയ്ത ആൾക്കുപോലും ഈ ഡാഷിന്റെ പ്രയോജനം ഗ്രഹിപ്പാൻ കഴിയുന്നതല്ല. ഇങ്ങനെയൊക്കെയിരുന്നാലും വിദ്യോജിതൻപത്രാധിപർ തന്റെ അപേക്ഷാനുസരണം പ്രസ്തുതപ്രസംഗം പ്രസിദ്ധീകരിച്ചതിന്റെ നന്ദിസൂചകമായി പരിഷ്കൃതഭാഷയിൽ അദ്ദേഹത്തെ ഒന്നു ശകാരിപ്പാൻ സാധിച്ചാൽ അതൊരു വലിയ കാര്യമാണല്ലോ.

വ്യാജഭാവനക്കാരൻ, ക്രിസ്ത്യാനിത്വമില്ലാത്തവൻ, ലേഖനാപഹരണകൃത്യം ചെയ്യുവൻ, അനുചിതമായും അനാത്മികമായും പ്രവർത്തിക്കുന്നവൻ, ദുരാഗ്രഹി, സാഹസക്കാരൻ, മറച്ചുവച്ചു പ്രവർത്തിക്കുന്നവൻ അഥവാ വഞ്ചകൻ, ക്രമവിരുദ്ധമായി പ്രസിദ്ധീകരിക്കുന്നവൻ, പിത്തലാട്ടക്കാരൻ, ദുർബോധനക്കാരൻ ഇത്രയുമൊക്കെ പറവാൻ സഭാതാരകയുടെ ഒന്നരപേജും പരിഷ്കൃതഭാഷയുംകൂടാതെ സാധിക്കുന്നതല്ലായിരിക്കും.

ഭക്തിമാഹാത്മ്യം, ഭക്തിരസം, പരമക്രിസ്ത്യാനിത്വം, പരമാനന്ദക്രിസ്തീയജീവിതം എന്നീ പുസ്തകങ്ങൾ എഴുതിയ ഒരു മാതൃകാഭക്തനും ഹഠയോഗംകൊണ്ടു തന്റെ ശരീരത്തെ തപിപ്പിച്ചുകൊണ്ടിരിക്കുന്ന ആളുമായ ഉണർവുപ്രാസംഗികൻ മൂത്താമ്പാക്കൽ കൊച്ചുകുഞ്ഞുപദേശിഅവർകളാണ് "ഹാ! എന്തുരസം" എന്നും "പിത്തലാട്ടങ്ങൾ" എന്നും മറ്റും തട്ടിമൂളിക്കുന്നതു് എന്നിങ്ങനെ അറിയുമ്പോൾ "യോഗികൾക്കും വനത്തിങ്കലെന്നാകിലും ആഗമിക്കും ദോഷമോരോന്നനുദിനം മൂലമതിന്നജിതേന്ദ്രിയത്വം" എന്നുള്ള ആപ്തവാക്യം ആരുടെയും ഓർമ്മയിൽ വരാതിരിക്കയില്ല.

പ്രസ്തുതപ്രസംഗം അതിൽ പേരുകാണാത്ത ബാല്യക്കാരൻ എഴുതിയതാണെന്നും അയാൾ എഴുതിപ്പിടിപ്പിച്ചിട്ടുള്ള ദോഷങ്ങളൊന്നും ഉപദേശിഅവർകളുടെമേൽ തട്ടുന്നതല്ലെന്നും ആരും ബുദ്ധികേടായി പറകയില്ലെന്നു വിശ്വസിക്കുന്നു. കാരണം കുറഞ്ഞപക്ഷം ഈ ലേഖനം പത്രത്തിനയച്ചുകൊടുക്കുന്നതിനു മുൻപു ശാന്തബുദ്ധിയും ക്ഷമാശീലനുമായ ഉപദേശിഅവർകളുടെ പരിശോധനയ്ക്കു വിഷയീഭവിച്ചിരുന്നു എന്നുള്ളതു് ആരും വിസംവദിക്കാൻ ഇടയില്ല. ഇത്രമാത്രം പറഞ്ഞുകൊണ്ടു് ഈ നിരൂപണത്തിൽനിന്നു ഞങ്ങൾ വിരമിച്ചുകൊള്ളുന്നു.

## കഴിഞ്ഞയാണ്ടു (൯൮) ചിങ്ങം മുതൽ വിയോജിത സഭയുടെ ആഭിമുഖ്യത്തിൽ വിശ്വാസസ്നാനം

# സ്വീകരിച്ചവരുടെ തുക.

| | മാസം. | നം. | നടന്ന സ്ഥലം. | സ്നാതന്മാർ. |
|---|---|---|---|---|
| (98) | ചിങ്ങം | 10 | ഇടയാറന്മുള | 2 |
| | കന്നി | 15 | മഞ്ഞിനിക്കര | 2 |
| | തുലാം | 27 | കണ്ടൻപേരൂർ | 4 |
| | കുംഭം | 6 | മല്ലപ്പള്ളി | 27 |
| | കുംഭം | 13 | ഇടയാറന്മുള | 4 |
| | മീനം | 27 | പള്ളിപ്പാട്ട് | 8 |
| | മേടം | 15 | ഇടയാറന്മുള | 10 |
| | മേടം | 23 | റാന്നി | 3 |
| | കർക്കടകം | 13 | പരിയാരം | 1 |
| | കർക്കടകം | 22 | മയിലപ്ര | 3 |
| (99) | ചിങ്ങം | 9 | റാന്നി | 5 |
| | കന്നി | 13 | പൂവത്തൂർ | 10 |
| | കന്നി | 14 | മയിലപ്ര | 1 |
| | കന്നി | 21 | കങ്ങഴ | 14 |
| | കന്നി | 27 | കല്ലിശ്ശേരി | 4 |

N. B. കങ്ങഴവെച്ചു നടന്ന സ്നാനശുശ്രൂഷയിൽ വളരെക്കാലം ചർച്ച്മിഷ്യൻ ഏജൻറായിരുന്ന കളത്തൂർ പണിക്കരുവീട്ടിൽ ഈപ്പ് ആശാൻ അവർകൾ തൻെറ 57-ാമത്തെ വയസ്സിൽ തൻെറ പ്രിയപത്നിയോടും ദ്വിതീയപുത്രൻ ജോസഫിനോടും പൌത്രൻ 13 വയസ്സു പ്രായമുള്ള അപ്പുക്കുഞ്ഞിനോടുംകൂടിയാണ് സ്നാനം സ്വീകരിച്ചതു് എന്നുള്ളതു വിശേഷാൽ പ്രസ്താവയോഗ്യമാണ്. ഈ സംഭവം കാണികളുടെ ഹൃദയത്തെ സവിശേഷം ആകർഷിക്കുന്നതായിരുന്നു.

പ്രസംഗം ചമെക്കുന്നവനല്ല പ്രസംഗത്താൽ മററുള്ളവരെ വശപ്പെടുത്തുന്നവനാണ് വലിയ പ്രസംഗി.

* * * *

അന്യനെ ഉയർത്തുവാൻ നീ ആഗ്രഹിക്കുന്നെങ്കിൽ നീ ഉയർന്ന സ്ഥാനത്തു നിൽക്ക.

* * * *

പുതിയനിയമത്തിൻെറ സാരാംശം കർത്തൃപ്രാർത്ഥനയാകുന്നു; അതിൽ "എ

# അവസരോക്തി.

നിന്ദന്തു നീതിനിപുണാഃ യദി വാ സ്തുവന്തു
ലക്ഷ്മീഃ സമാവിശതു ഗച്ഛതു വാ യഥേഷ്ടം
അദ്യൈവ വാ മരണമസ്തു യുഗാന്തരെ വാ
ന്യായാൽപഥഃ പ്രവിചലന്തി പദം ന ധീരാഃ

### അൎത്ഥം.

| | |
|---|---|
| നീതിനിപുണാഃ | =നീതിനിപുണന്മാർ. |
| നിന്ദന്തു | =നിന്ദിക്കട്ടെ. |
| യദിവാ | =അല്ലെങ്കിൽ. |
| സ്തുവന്തു | =സ്തുതിക്കട്ടെ. |
| ലക്ഷ്മീഃ | =സമ്പത്ത്. |
| സമാവിശതു | =വരട്ടെ. |
| യഥേഷ്ടം | =ഇഷ്ടംപോലെ. |
| ഗച്ഛതു | =പോകട്ടെ. |
| അദ്യൈവ | =ഇപ്പോൾതന്നെ. |
| അസ്തു | =ഭവിക്കട്ടെ. |
| യുഗാന്തരെ | =യുഗാന്തരത്തിങ്കൽ. |
| ധീരാഃ | =ധീരന്മാർ |
| ന്യായാൽപഥഃ | =ന്യായമായ പന്ഥാവിങ്കൽ നിന്ന്. |
| പദം | =അടി. |
| ന പ്രവിചലന്തി | =പ്രവിചലിക്കുന്നില്ല. |

സാരം—നീതിശാസ്ത്രനിപുണന്മാരായ ആളുകൾ നിന്ദിക്കയോ സ്തുതിക്കയോ ചെയ്യട്ടെ; സമ്പത്ത് ഇഷ്ടംപോലെ വരികയോ പോകയോ ചെയ്യട്ടെ; മരണം ഇപ്പോൾതന്നെയോ വേറൊരു യുഗത്തിലോ ഭവിക്കട്ടെ; എന്തെല്ലാമായാലും ന്യായമായിരിക്കുന്ന വഴിയിൽനിന്ന ധീരന്മാരായ ആളുകൾ ഒരടിപോലും മാറുന്നില്ല.

---

## കഴിഞ്ഞ ലക്കം മാസികയുടെ

# പിഴതിരുത്തൽ.

മംഗളം എന്ന വാക്ക് എടുത്തുകളകയും തൽസ്ഥാനത്തു പ്രസ്താവന എന്ന വാക്കു വരികയും പദ്യം അതിന്റെ താഴെ ചേൎത്തു വായിക്കയും വേണം.

| അശുദ്ധം. | ശുദ്ധം. |
|---|---|
| തധീരഃ | ന ധീരാഃ |
| നം | നാം |
| ജ്യൌതിഷ്യകൻ | ജ്യൌതിഷികൻ |
| മത്താ. 13: 28 | മത്താ. 13: 33 |
| 1 തിമൊ. 4: 3, 4 | 2 തിമൊ. 4: 3, 4 |
| ആവ. 29: 29 | ആവ. 29: 28 |

# വിജ്ഞാപനം.

## മാർട്ടിൻലൂഥരുടെ ജീവചരിത്രം.

### സത്യാന്വേഷികളായ എല്ലാവരും വായിച്ചറിയേണ്ടുന്ന

### ഒരു ചെറുപുസ്തകം.

കുന്നംകുളം എ. ആർ. പി. പ്രസ്സിൽ എത്രയും ഭംഗിയായി അടിച്ചതും, ഡമ്മി 12 വലിപ്പത്തിൽ 51 പേജുകളുള്ളതുമായ ഈ പുസ്തകത്തിനു രണ്ടണ മാത്രമേ വില നിശ്ചയിച്ചിട്ടുള്ളൂ. ആവശ്യക്കാർ വിദ്യോജ്ജീവിനി ആപ്പീസിലോ, കെ. പി. ചെറുകുട്ടി, അവളിവ്യാപാരം, പഴഞ്ഞി, കൊച്ചീശീമ. എന്ന മേൽവിലാസത്തിലോ അപേക്ഷിച്ചാൽ കിട്ടുന്നതാണ്.

---

## ഒരു പ്രത്യേകപരസ്യം

### ക്രൈസ്തവസഭാചരിത്രം.

ഇതുവരെ മലയാളത്തിൽ ഉണ്ടായിട്ടുള്ള സഭാചരിത്രങ്ങളെ പരിശോധിച്ചും, യൂസിബിയൂസ്, ഡാക്ടർ മോഷീം, ഡാക്ടർ നിയാണ്ടർ മുതലായവരുടെ ചരിത്രങ്ങളെ അടിസ്ഥാനമാക്കിയും മലയാളഭാഷയിൽ പ്രയോജനകരവും സ്വല്പം വിസ്തൃതവുമായ ഒരു സഭാചരിത്രം പ്രസിദ്ധീകരിപ്പാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. പല ഗ്രന്ഥകർത്താക്കൾ പ്രമാണിച്ചു നാലു മാസത്തിലൊരിക്കൽ നൂറിൽ കുറയാത്ത പേജുകളുള്ള ഓരോ പുസ്തകങ്ങളായി അടിച്ചു പ്രസിദ്ധം ചെയ്യുവാനാണ് വിചാരിക്കുന്നത്. ഓരോ പുസ്തകവും വി. പി. ആയി സ്വീകരിപ്പാൻ മനസ്സുള്ളവർ മാത്രമേ ഇതിന്റെ വരിക്കാരായി ചേരേണ്ട ആവശ്യമുള്ളൂ. ഓരോ ബുക്കിനും വില 12 അണയിൽ കൂടുമെന്നു തോന്നുന്നില്ല. 300 അപേക്ഷക്കാരെ കിട്ടിയാലുടൻ ഞങ്ങൾ ജോലി ആരംഭിക്കുന്നതാണ്. ആവശ്യക്കാർ ഉടൻതന്നെ വിദ്യോജ്ജീവൻ ആപ്പീസിലേക്ക് എഴുതുവിൻ.

മാനേജർ,
വിദ്യോജ്ജീവൻ ആപ്പീസ്,
ഇടയാറന്മുള—ആറന്മുള.

---

Printed at the Malayala Manorama Press, Kottayam and
Published at Edayaranmula by C. I. Kunjicka.

ഭാവം കൊണ്ടു നമുക്കു നിണ്ണയിക്കാം. ഈ വിഷയത്തിൽ പുതിയനിയമം നമുക്ക് ഒരുവിധം തീച്ചയായ അറിവു തരുന്നുണ്ട്. ദാനി. 12: 4, 9, 10. എന്നീവാക്യങ്ങളിൽ നാം ഇപ്രകാരം വായിക്കുന്നു. "നീയോ, ദാനിയേലേ! അന്ത്യകാലംവരെ ഈ വചനങ്ങളെ അടച്ചു പുസ്തകത്തിനു മുദ്രയിടുക. പലരും അതിനെ പരിശോധിക്കയും ജ്ഞാനം വദ്ധിക്കകയും ചെയ്യും. ദാനിയേലേ! പൊയ്ക്കൊൾക; ഈ വചനങ്ങൾ അന്ത്യകാലത്തേക്ക് അടച്ചും മുദ്രയിട്ടുമിരിക്കുന്നു. പലരും തങ്ങളെ ശുദ്ധീകരിച്ചു നിമ്മലീകരിച്ചു ശോധന കഴിക്കും. ദുഷ്ടന്മാരോ ദുഷ്ടത പ്രവൃത്തിക്കും. ദുഷ്ടന്മാരിൽ ആരും അതു തിരിച്ചറികയില്ല. ബുദ്ധിമാന്മാരോ അതു ഗ്രഹിക്കും." ദാനിയേലിന്റെ പ്രവചനങ്ങൾ അന്ത്യകാലത്തേക്ക് അടച്ചും മുദ്രയിട്ടുമിരിക്കുന്നതായി ഈ വചനങ്ങൾ കാണിക്കുന്നു. കാലാന്ത്യം എന്നല്ല, അന്ത്യകാലം എന്നത്രേ ഇവിടെ പറഞ്ഞിരിക്കുന്നതു്. ഇതു ജാതികളുടെ കാലത്തിന്റെ അവസാനദിവസങ്ങളെ കുറിപ്പാൻ ദൂതൻ ഉപയോഗിക്കുന്ന ഒരു പദമാണ്. അക്കാലത്തു പുസ്തകം തുറക്കപ്പെടുകയും അതിനാൽ പ്രവചനസംബന്ധമായ ജ്ഞാനം വദ്ധിക്കുകയും ചെയ്യുമെന്നു ദൂതൻ പറയുന്നു. പ്രസ്താവകാലം നാം ഗണിച്ചുനോക്കിയാൽ ഈ പ്രവചനഭാഗം അത്ഭുതമായ വിധത്തിൽ നിവൃത്തിച്ചുവരുന്നതായി കാണാം. ഉഗ്രനിരൂപകന്മാർ ദാനിയേലിന്റെ പുസ്തകത്തെ വിശ്വാസയോഗ്യമല്ലെന്നു വരുത്തുവാൻ കഠിനമായി പ്രയത്നിച്ചുവരുന്ന ഒരു കാലമാണിതു്. എങ്കിലും അവരുടെ പ്രയത്നം വിഫലമായിത്തീരുകയും ദാനിയേലിന്റെ പുസ്തകം പൂവ്വാധികമായ ശുഷ്കാന്തിയോടുകൂടി ജനങ്ങൾ പഠിക്കയും ചെയ്തുവരുന്നു. മുദ്രയിടപ്പെട്ടെങ്കിലും തുറക്കപ്പെടുന്ന ഈ പ്രവചനങ്ങളെ പരിശോധിച്ചതിന്റെ ഫലമായി പരിശുദ്ധാത്മപ്രകാശം ലഭിച്ചിട്ടുള്ള വേദവിദ്യാത്ഥികൾ അന്ത്യകാലത്തു തങ്ങൾ എത്തിയിരിക്കുന്നുവെന്നും ജാതികളുടെ കാലങ്ങളുടെ അവസാനദിവസങ്ങളിലാണ് തങ്ങൾ ജീവിക്കുന്നതു് എന്നും അവർ അറിയുന്നു.

ഒരുനൂറു വഷങ്ങൾക്കു മുമ്പാണു പോൽ പ്രവചനമുദ്ര പൊട്ടുവാൻ തുടങ്ങിയതു്. അതു സഹസ്രാബ്ദത്തെക്കുറിച്ചുള്ള ദിവ്യസത്യത്തിന്റെ പുനരുജ്ജീവനകാലമായിരുന്നു. അതിന്റെ നടുവിൽ അദ്ധരാത്രിശബ്ദം അഥവാ ഇതാ, മണവാളൻ വരുന്നു എന്നുള്ള വിളി കേൾക്കപ്പെട്ടു. അതിനു മുമ്പ് അനേകശതാബ്ദങ്ങളോളം ക്രിസ്തീയലോകം മയക്കം പിടിച്ച് ഉറങ്ങുകയായിരുന്നു. ഇങ്ങനെ സഭ ആത്മീകമാന്ദ്യത്തിലാവുകയും ഭാഗ്യകരമായ പ്രത്യാശ ഗ്രഹണകാലത്തെ ചന്ദ്രൻ എന്നപോലെ മറഞ്ഞുപോകയും ചെയ്തു. ലോകത്തിന്റെ പല ഭാഗങ്ങളിലും അചിരേണ ഈ ഭാഗ്യകരമായ പ്രത്യാശ നിഷ്പ്രകാശതയിൽനിന്ന് ഉയരുക

ഷും കന്യകമാർ തങ്ങളുടെ വിളക്കുകളെ തെളിച്ചുകൊണ്ടു തങ്ങളുടെ കർത്താവിനെ എതിരേല്പാൻ ഇപ്പോൾ ഒരുങ്ങുകയും ചെയ്യുവരുന്നു, ബുദ്ധിയുള്ളവർ മാത്രമേ തങ്ങളുടെ പാത്രങ്ങളിലും വിളക്കുകളിലും എണ്ണയുള്ള കാത്തിരിപ്പുകാരോ. നാം രാത്രിയുടെ നാലാം യാമത്തിലാണ് ഇരിക്കുന്നത്. താമസിയാതെ ഉദയനക്ഷത്രം ഉദിക്കുകയും കർത്താവിന്റെ കല്യാണവിരുന്നിൽ സംബന്ധിപ്പാൻ നാം മദ്ധ്യാകാശത്തിൽ എടുത്തുകൊള്ളപ്പെടുകയും ചെയ്യും.

കർത്താവു കല്പിച്ചിട്ടുള്ള ഈ സംഭവങ്ങളെല്ലാം അടുത്തിരിക്കുന്നുവെന്നുള്ളതിനു അടയാളങ്ങൾ വല്ലതുമുണ്ടോ? ഉണ്ടെങ്കിൽ അവ എന്തെല്ലാം? നമുക്കു വേഗത്തിൽ ഒന്നു നോക്കി ശോധിക്കാം.

## ൧. പരിഹാസികൾ.

2 പത്രോ. 3: 3, 4 ഈ ഭാഗങ്ങളിൽ നാം ഇങ്ങനെ വായിക്കുന്നു. "അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ? പിതാക്കന്മാർ നിദ്ര കൊണ്ടശേഷം സകലവും സൃഷ്ടിയുടെ ആരംഭത്തിൽ ഇരുന്നതുപോലെ തന്നെ ഇരിക്കുന്നു എന്നു പറഞ്ഞു സ്വന്തമോഹങ്ങളെ അനുസരിച്ചു നടക്കുന്ന പരിഹാസികൾ പരിഹാസത്തോടെ അന്ത്യകാലത്തു വരുമെന്നു വിശേഷാൽ അറിഞ്ഞുകൊൾവിൻ." പ്രസ്താവകാലത്തെ സംബന്ധിച്ച് ഇതു എത്ര വാസ്തവമാണ്. രണ്ടാം വരവും, സഹസ്രാബ്ദവും ഇവ അക്ഷരപ്രകാരം നടക്കുമെന്നുള്ള ഉപദേശത്തെ പരിഹസിക്കയും അതിനെ നിഷേധിക്കുന്നവർ ഭോഷന്മാരെന്നു പറകയും ചെയ്യുന്ന പരിഹാസികൾ ഇന്നു നാടു നിറഞ്ഞിരിക്കുന്നു. ഈ കൂട്ടത്തിൽ പണ്ഡിതന്മാർ, പത്രനായകന്മാർ, വേദവ്യാഖ്യാനികൾ, സഭാനേതാക്കൾ എന്നിവർ കൂടിയുണ്ട്. ഈ പരിഹാസികളുടെ സംഘം അവസാനനാളുകൾക്കു ഒരടയാളമാണെന്നു വ്യസനപൂർവ്വം പറയേണ്ടിയിരിക്കുന്നു.

## ൨. വിശ്വാസത്യാഗം.

2 തെസ്സ. 2: 3-ൽ ആദ്യമേ വിശ്വാസത്യാഗം സംഭവിച്ചിട്ടല്ലാതെ ആ നാൾ വരികയില്ല എന്നു പറഞ്ഞിരിക്കുന്നു. ഈ അടയാളം കാണപ്പെടുന്നുണ്ടോ? ഇല്ലെന്നു ആരു പറയും? വിശ്വാസത്യാഗത്തിന്റെ ഭയങ്കരഫലങ്ങൾ പ്രത്യക്ഷം നാം കാണുന്നുണ്ട്. വേദപുസ്തകത്തെ സ്ഥാനഭ്രംശം ചെയ്യുക, മാർപ്പാപ്പായുടെ അപ്രമാദിത്വം, പാരമ്പര്യങ്ങൾക്കു വേദത്തോടു തുല്യപ്രമാണം കൊടുക്കുക, [illegible], കുർബ്ബാനയിലെ വസ്തുമാറ്റം, സ്നാനത്താലുള്ള വീണ്ടുംജനനം മുതലായ റോമയുടെ ഉപദേശങ്ങൾ; ഇതിന്റെ ചില രൂപമാറ്റങ്ങളായി റോമയോടടുത്ത ചില സഭകളിൽ കാണുന്ന വിശേഷതകൾ; പ്രത്യക്ഷസഭ ഇപ്പോൾ ഇല്ലെന്നുള്ള അഭിപ്രായം, സ്നാനം തിരുവത്താഴം ഇവ ആവശ്യമില്ലെന്നുള്ള

ഉപദേശം; തെരിഞ്ഞെടുപ്പുനിഷേധം, രക്ഷാകർത്താക്കളുടെ വളർത്തൽ കൊണ്ടു സ്വഭാവസംസ്കരണം ഉണ്ടാകുമെന്നും അതിനാൽ കുട്ടികൾക്കു മാനസാന്തരത്തിനോ വീണ്ടുംജനനത്തിനോ ആവശ്യമില്ലെന്നുള്ള സിദ്ധാന്തം, ആദം പിൻമാറിപ്പോയപ്പോഴും അവനിൽ ദൈവാംശം ശേഷിച്ചു കിടന്നുവെന്നുള്ള മതം, ക്രിസ്ത്യാനിയുടെ മകൻ ജനനത്താൽ ക്രിസ്ത്യാനിയാകുമെന്നുള്ള അഭിപ്രായം, ശിശുസ്നാനം, ത്രിത്വനിഷേധം, ശരീരപുനരുത്ഥാനനിഷേധം, ഇപ്പോൾ രക്ഷിക്കപ്പെടാത്തവർക്ക് അടുത്ത ഒരു ജന്മത്തിൽ രക്ഷപ്പെടാമെന്നുള്ള വിശ്വാസം, സഹസ്രാബ്ദപരിത്യാഗം, 1874-ലും 1881-ലും ക്രിസ്തു വന്നുകഴിഞ്ഞുവെന്നുള്ള [illegible], വീണ്ടുംജനിച്ചവർ നശിച്ചുപോകാമെന്നുള്ള മതം, തപസ്സിന്റെ ആവശ്യകത, പ്രവൃത്തികൾ രക്ഷയ്ക്കു ഒഴിച്ചുകൂടാത്തതാണെന്നും കർമ്മഫലം രക്ഷയ്ക്കു ഉപസഹായമായി നിൽക്കുമെന്നുമുള്ള രണ്ടു "വിശകങ്ങൾ", എന്തു വിശ്വസിച്ചാലും വേണ്ടതില്ല രക്ഷയ്ക്കു ഒരുവനെ യോഗ്യനാക്കുന്നതു പുണ്യജീവിതമാണെന്നുള്ളതു, ദൈവകല്പനകളിൽ ചിലതു ലംഘിക്കുന്നതുകൊണ്ടു തെറ്റൊന്നും വരാനില്ലെന്നുള്ള അഭിപ്രായം, കൃപയാലാണ് രക്ഷയതുകൊണ്ടു ദൈവമക്കൾക്കു എന്തും പ്രവർത്തിക്കാം. പ്രവർത്തിക്കുന്നതൊന്നും പാപമല്ല എന്നുള്ള ഉപദേശം, ശനിയാഴ്ച ആചാരം, കുരിശു വരച്ചിട്ടു രക്ഷാകവചമാണെന്നു ജല്പിക്കുന്നതു, സന്താനത്തിപ്പിന്റെ യോഗ്യത കലാശാലകളിൽനിന്നു ലഭിക്കുന്ന രണ്ടോ നാലോ ബിരുദാക്ഷരങ്ങളാണെന്നു വിചാരിക്കുന്നതു, ക്രിസ്തുവിനെക്കൂടാതെയുള്ള പുണ്യപ്രവൃത്തികളെ ക്രമാധികമായി സ്തുതിക്കുന്ന സമ്പ്രദായം, ഗാന്ധി, ടോൾസ്റ്റോയി, ടാഗോർ ഇവരെ താത്വികന്മാരെ ക്രിസ്തുമാർഗ്ഗമാണെന്നു ഭാവിക്കുന്നതു, പട്ടത്വത്തിന്റെ അമിതമായ പ്രഭാവം, പുരോഹിതനാട്യം, സ്വതന്ത്രകുലവാദം ഇങ്ങനെ എണ്ണിക്കൂടാത്ത വിശ്വാസഭ്രംശങ്ങൾ നമ്മുടെ ഇടയിൽ വേരുറച്ചു മുളച്ചു വളർന്നു മഹാവൃക്ഷങ്ങളായിത്തീർന്ന് അവയുടെ ഫലങ്ങൾ സർവ്വത്ര പൊഴിക്കുന്ന കാഴ്ച നമുക്കിപ്പോൾ അനുഭവവേദ്യമാണ്. ഇതു അവസാനകാലം അടുത്തിരിക്കുന്നുവെന്നുള്ളതിനു സ്പഷ്ടങ്ങളായ തെളിവുകളല്ലയോ?

## ൯. വ്യാജോപദേഷ്ടാക്കൾ.

2 പത്രൊ. 2: 1, 2. "നിങ്ങളുടെ ഇടയിലും ദുരുപദേഷ്ടാക്കന്മാർ ഉണ്ടാകും. അവർ നാശകരമായ മതഭേദങ്ങളെ നുഴച്ചു തങ്ങളെ വിലയ്ക്കു വാങ്ങിയ നാഥനെ തള്ളിപ്പറഞ്ഞു തങ്ങൾക്കു തന്നെ ശീഘ്രനാശം വരുത്തും. അവരുടെ ദുഷ്കാമവൃത്തികളെ പലരും അനുകരിക്കും. അവർ നിമിത്തം സത്യമാർഗ്ഗം ദുഷിക്കപ്പെടും." ഇക്കൂട്ടർ "സ്വയം ചൊവ്വാക്കപ്പെട്ട" സഭകളിൽനിന്നു

പുറപ്പെടുന്നവർ തന്നെ ആയിരിക്കും. അവരെക്കുറിച്ച് അപ്പോസ്തൂലനായ പൌലൂസു താഴെ വരുംപ്രകാരം എഴുതുന്നു. "അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറു സ്വന്തമോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിനു ചെവി കൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരികയും ചെയ്യുന്ന കാലം വരും." 2 തിമൊ. 4: 3, 4. ഈ ഭ്രംശം അഥവാ തിരിച്ചിൽ എവിടെയും തെളിവായി കാണുന്നുണ്ട്. ഇപ്പോഴത്തെ മതഭക്തന്മാരിൽ മിക്കവരും ആരോഗ്യകരമായ ഉപദേശങ്ങൾ കേൾപ്പാൻ താല്പര്യമുള്ളവരല്ല. പുനർജ്ജനനത്തിന്റെ ആവശ്യകതയെക്കുറിച്ചും കൃപയാലുള്ള രക്ഷയെ സംബന്ധിച്ചും പ്രസംഗിക്കുന്നവരെ കേൾപ്പാൻ അവർക്കു രസമില്ല. വലിയ ബഹളങ്ങളുണ്ടാക്കുന്നവരും കർമ്മകാണ്ഡനിരതന്മാരും അന്ധകാരക്രിയകളെ ശാസിക്കാതെ ചേലയില്ലാത്ത ചെവിക്കു ചൊറിച്ചിൽ അതായ ഈ രസം കൊടുക്കുന്നവരും നാടകത്തിലെന്നപോലെ പ്രസംഗത്തിൽ ഓരോ വേഷം കെട്ടി ഇറങ്ങുന്നവരുമായ ഉപദേഷ്ടാക്കന്മാരെയാണ് അവർക്ക് അധികം ഇഷ്ടം. എന്നാൽ ഈ ഉപദേഷ്ടാക്കന്മാരുടെ ഉപദേശവും നടത്തയും പുസ്തകപ്രകാരമാണോ എന്നുള്ള അന്വേഷണം ശ്രോതാക്കളിൽ അശേഷം കാണുന്നില്ല. ഈ പരിവർത്തനവും കാലങ്ങളുടെ അടയാളങ്ങളിൽപെട്ട ഒരു ദൃശ്യകമാണ്.

## ൨. പ്രേതസംസർഗ്ഗവിദ്യ.

1 തിമൊ. 4: 1-ൽ ഒരു തെറ്റിപ്പോക്കിനെപ്പറ്റി നമ്മെ ഉൽബോധിപ്പിക്കുന്നു. "ഭാവികാലത്തു ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ചു വിശ്വാസം ത്യജിക്കു"മെന്നു പറഞ്ഞു കാണുന്നു. ഇങ്ങനെ വ്യാജാത്മാക്കളെ വിശ്വസിക്കുന്നവരുടെ തുക ശീമരാജ്യങ്ങളിൽ വർദ്ധിച്ചുവരുന്നു. നമ്മുടെ നാട്ടിലും കുറെപ്പേർ ഈ ഇനത്തിൽ ഉണ്ട്. ക്രിസ്തീയവിശ്വാസം പരിത്യജിച്ച പ്രേതകോമരങ്ങളെ അനുഗമിപ്പാൻ ഇവർ ശ്രമിക്കുന്നു.

## ൩. ദുർഘടസമയങ്ങൾ.

ഇതിനെ സംബന്ധിച്ചു പൌലൂസിന്റെ വാക്കുകൾ ഇങ്ങനെയാണ്. "അന്ത്യകാലത്തു ദുർഘടസമയങ്ങൾ വരുമെന്നറിക. മനുഷ്യർ സ്വസ്നേഹികളും, ദ്രവ്യാഗ്രഹികളും, വമ്പുപറയുന്നവരും, അഹങ്കാരികളും, ദൂഷകന്മാരും, അമ്മയപ്പന്മാരെ അനുസരിക്കാത്തവരും, നന്ദികെട്ടവരും, അശുദ്ധരും, വാത്സല്യമില്ലാത്തവരും, ഇണങ്ങാത്തവരും, ഏഷണിക്കാരും, അജിതേന്ദ്രിയന്മാരും, ഉഗ്രന്മാരും, സൽഗുണദ്വേഷികളും, ദ്രോഹികളും, ധാർഷ്ട്യക്കാരും, നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേ

ഷം ധരിച്ച് അതിൻെറ ശക്തിയെ നിഷേധിക്കുന്നവരുമായിരിക്കും. (2 തിമോ. 3: 1. 5.) മുൻകാലങ്ങളിലേക്കാൾ ദുർമ്മാർഗ്ഗികളും ഉപദ്രവികളും നാട്ടുതോറും വർദ്ധിച്ചുവരുന്ന കേഡികൾ ഇല്ലാത്ത സ്ഥലം ഇപ്പോൾ തിരുവിതാംകൂറിൽ ഇല്ലെന്നുതന്നെ പറയാം. കേഡിരജിസ്റററിലെ പ്രാധാന്യം വഹിക്കുന്നവർ മിക്കവരും ക്രിസ്ത്യാനികളിൽ പെട്ടവരാണ്. ഇതു പ്രകൃതവിഷയത്തിൽ സംശയിച്ചുകൂടാത്ത തെളിവല്ലേ?

## ൯. ധനത്തിനു വേണ്ടിയുള്ള പാച്ചിൽ.

യാക്കോബ് 5: 1_6 വരെ വാക്യങ്ങളിൽ അന്ത്യകാലത്തു നിക്ഷേപങ്ങളെ ശേഖരിക്കുന്ന ധനവാന്മാരുടെ ഒരു വലിയ സംഘം ഉണ്ടാകുമെന്നും ചതിവാൽ സമ്പാദിക്കപ്പെട്ട ഈ ധനം തങ്ങളുടെ ഭോഗങ്ങളിൽ ചിലവിടേണ്ടതിന് അവർ ഉപയോഗിക്കുമെന്നും അവരിൽനിന്നു ചതിവനുഭവിച്ച സാധുക്കളുടെ നിലവിളി ദൈവത്തിങ്കലേക്ക് എത്തുമെന്നും ഇങ്ങനെയുള്ളവരുടെ മേൽ കഠിനമായ ശിക്ഷാവിധി ദൈവം ചൊരിയുമെന്നും പറഞ്ഞിരിക്കുന്നു. ദ്രവ്യദേവതാപൂജകന്മാരായ ഇപ്പോഴത്തെ ലക്ഷപ്രഭുക്കൾ കോടീശ്വരന്മാർ ഇവരേയും ബാങ്കുകാർ, ചിട്ടിക്കാർ, തോട്ടക്കാർ, ഷോഡതിക്കാർ ഇവരേയും നോക്കുക. യഥാർത്ഥമായി നാം പ്രകൃതകാലയളവിൻെറ അവസാനഘട്ടത്തിലാണ് ജീവിച്ചിരിക്കുന്നത്.

## ൧. ലവുദിക്യയുഗം

ലവുദിക്യസഭയ്ക്കുള്ള ദൂതിൽ (വെളി. 3: 14_22.) ഭൂമിയിലുള്ള ചാരിത്രികസഭയുടെ അന്ത്യഘട്ടത്തിൻെറ ഒരു വിവരണം ഉണ്ട്. ഈ സഭ സ്ഥിരമായി ചൂടോ തണുപ്പോ ഉള്ളതല്ലെന്നു പറയപ്പെട്ടിരിക്കുന്നു. ഈ വാടൽസഭയെ ക്രിസ്തു തൻെറ വായിൽനിന്ന് ഉമിണ്ണുകളയും. ഞാൻ ധനവതിയത്രേ; എനിക്ക് ഒന്നിനും മുട്ടില്ല എന്നു പറഞ്ഞുകൊണ്ടു ലവുദിക്യസഭ നിർഭാഗ്യയും അരിഷ്ടയും ദരിദ്രയും അന്ധയും നഗ്നയുമായിരിക്കുന്നു. ക്രിസ്തുതന്നെയും പുറത്തുനിന്നു മുട്ടത്തക്കവണ്ണം ഇവൾ അവനെ പുറത്തു തള്ളിയിരിക്കുന്നു. ഇപ്പോഴത്തെ നാമധേയക്രിസ്ത്രീയസഭയുടെ കാലം, ലവുദിക്യാകാലമാണെന്നു ഞെട്ടലോടെ പറയേണ്ടിയിരിക്കുന്നു.

## ൨. തളിർത്ത അത്തിവൃക്ഷം.

ഇവ എപ്പോൾ സംഭവിക്കുമെന്നും നിൻെറ വരവിന്നും ലോകാവസാനത്തിന്നും അടയാളം എന്തു് എന്നും ശിഷ്യന്മാർ ചോദിച്ചപ്പോൾ (മത്താ. 24: 3.) യേശു അത്തിവൃക്ഷത്തിൻെറ തളിർപ്പു തൻെറ വരവിൻെറ അടയാളങ്ങളിൽ ഒന്നാകുന്നുവെന്ന് അവർക്കു പറഞ്ഞുകൊടുത്തു. ഈ ഉപമാനത്തിൽ അത്തിവൃക്ഷം ഇസ്രായേൽജാതിയും അതിൻെറ തളിർപ്പ് ഒരു ജാതിയെന്ന മറ്റു

അതിനുള്ള പുനരുജ്ജീവനവും ആകുന്നു. കർത്താവിന്റെ വരവിന്റെ സാമീപ്യത്തെകാണിക്കുന്നതിനു വേണ്ട തെളിവുകൾ യഹൂദന്മാരുടെ ഇടയിലുണ്ട്. അവരുടെ മതസംഘങ്ങളും പലസ്തീനിലേക്ക് അതായതു ക്രിസ്തീയജാതിയുടെ കൈകളിലേക്ക് അവർ മടങ്ങിച്ചെന്നതും യഹൂദന്മാരുടെ യഥാസ്ഥാപനത്തിന്റെ മുന്നോടങ്ങളാണ്. മററു തെളിവുകൾപോലും ആവശ്യമില്ലാതെ യരൂശലേം നഗരം കീഴടങ്ങിയത് ഈ വാസ്തവത്തെ ദൃഢീകരിക്കുന്നു. ജാതികളുടെ കാലങ്ങൾ തികയുവോളവും യരൂശലേം പുറജാതികളാൽ ചവിട്ടപ്പെടുമെന്നു യേശു പറഞ്ഞു. (ലൂക്ക. 21: 24.) യരൂശലേമിന്റെ ഈ അഭിഗ്രഹണം പുറജാതികളുടെ കാലങ്ങൾ അവസാനിക്കാറായി എന്നു വെളിപ്പെടുത്തുന്നു.

## ൯. നോഹയുടെ ദിവസങ്ങൾ.

ഇനിയും പ്രസ്താവിക്കാനുള്ള അടയാളം നോഹയുടെ നാളുകൾ എന്നുള്ളതാണ്. "നോഹയുടെ കാലത്തു സംഭവിച്ചതുപോലെ മനുഷ്യപുത്രന്റെ നാളിലും ഉണ്ടാകും. നോഹ പെട്ടകത്തിൽ കടന്ന നാൾവരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു. ജലപ്രളയം വന്നു അവരെ എല്ലാവരെയും മുടിച്ചുകളഞ്ഞു". (ലൂക്ക് 17: 26-30) ഭക്ഷണം, വിവാഹം മുതലായവ പാപമാണെന്നു ആർക്കു പറവാൻ കഴിയും. ഇവ പാപമല്ലെന്നുമാത്രമല്ല ഒഴിച്ചുകൂടാത്തതും കല്പിക്കപ്പെട്ടിട്ടുള്ളതുമാണ്. അങ്ങനെയെങ്കിൽ, പാപം എന്താണ്? അവർ ജലപ്രളയംവരെ അതു ചെയ്തുകൊണ്ടിരുന്നതുതന്നെ. മറെറാന്നും അവർ ചെയ്തതായി കാണുന്നില്ല. അവർ ജോലിയിൽ മുഴുകി തങ്ങളുടെ സ്രഷ്ടാവിനെ ആരാധിപ്പാൻ മറന്നുകളഞ്ഞു. ഇന്നും ഇതുപോലെതന്നെ ദൈവാരാധനയ്ക്കു സമയം എടുപ്പാൻ കഴിയാതവണ്ണം ജോലിയുടെ കീഴിൽ മുഴുകികിടക്കുന്ന സ്ത്രീപുരുഷന്മാർ വളരെയുണ്ട്. അവർ ഭൂമിയിൽ തങ്ങൾക്കു ഭവനം പണിയുന്നു. എന്നാൽ സ്വർഗ്ഗത്തിൽ തങ്ങൾക്കൊരു ഭവനം ഉണ്ടായിരിക്കണമെന്നുള്ളത് അവർ മറന്നുകളയുന്നു. തങ്ങളുടെ മക്കളെ വിവാഹബന്ധത്തിൽ യോജിപ്പിക്കുവാൻ അവർ ആഗ്രഹിക്കുന്നെങ്കിലും അവരെ ക്രിസ്തുശരീരത്തോടു യോജിപ്പിക്കുവാൻ അവർ ശ്രമിക്കുന്നില്ല. കച്ചേരിത്തിണ്ണയിലാണ് അവരുടെ സമയത്തിന്റെ അധികഭാഗവും അവർ ചിലവു ചെയ്യുന്നത്. എന്നാൽ ദൈവത്തിന്റെ ന്യായാസനത്തിൻ മുൻപാകെ നിൽക്കേണ്ടിവരുമെന്നുള്ളത് അവർ ഓർക്കുന്നതേയില്ല.

## ൧൦. ജാതികളുടെ പരിഭ്രമം.

ലൂക്ക് 21: 24-27 വരെ വാക്യങ്ങളിൽ ഇങ്ങനെ കാണുന്നു. "ജാതികളുടെ കാലങ്ങൾ അവസാനിക്കാറാകുമ്പോൾ സൂര്യ

നിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും അടയാളങ്ങൾ കാണപ്പെടും. കടലിന്റെയും ഓളത്തിന്റെയും മുഴക്കം നിമിത്തം ഭൂമിയിലെ ജാതികൾക്കു നിരാശയോടു കൂടിയ പരിഭ്രമം ഉണ്ടാകും. ആകാശത്തിന്റെ ശക്തികൾ ഇളകിപ്പോകുന്നതിനാൽ ഭൂലോകത്തിനു എന്തു ഭവിപ്പാൻ പോകുന്നു എന്നു പേടിച്ചും നോക്കിപ്പാർത്തുംകൊണ്ടു മനുഷ്യർ നിർജ്ജീവന്മാർ ആകും. അപ്പോൾ മനുഷ്യപുത്രൻ ശക്തിയോടും മഹാ തേജസ്സോടും കൂടെ മേഘത്തിൽ വരുന്നതു അവർ കാണും". കൂടാതെ ഹഗ്ഗായി പ്രവചനം 2: 6, 7. വാക്യങ്ങളിൽ നാം ഇങ്ങനെ വായിക്കുന്നു. "സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. ഇനി കുറെത്തോന്നു കഴിഞ്ഞിട്ടു ഞാൻ ആകാശത്തെയും ഭൂമിയെയും കടലിനെയും കരയെയും ഇളക്കും. ഞാൻ സകല ജാതികളെയും ഇളക്കും. സകല ജാതികളുടെയും മനോഹരവസ്തു വരികയും ചെയ്യും. ഞാൻ ഈ ആലയത്തെ മഹത്വപൂർണ്ണമാക്കും. എന്നിങ്ങനെ സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. ഈ പ്രവചനങ്ങൾ ഇന്നേയോളം നിറവേറീട്ടില്ല. ഇപ്പോഴത്തെ ജാതികളുടെ പരിഭ്രമവും ജനസമുദായപരിവർത്തനങ്ങളും സിംഹാസനങ്ങളുടെ ചലനപതനങ്ങളും ജാതീയമായിട്ടുള്ള മററു വിപ്ലവങ്ങളും മനുഷ്യപുത്രന്റെ പ്രത്യക്ഷതയ്ക്കു അടുത്തു മുൻപുള്ള കാലങ്ങളിലാണ് നാം ജീവിച്ചിരിക്കുന്നതു എന്നുള്ളതിനു കൂടുതൽ തെളിവു തരുന്നു. "സകല ജാതികളുടെയും അനുഗ്രഹമാകുന്ന മനുഷ്യപുത്രൻ അചിരേണ വെളിപ്പെടുകയും ഈ കലാപകലുഷിതമായ ഭൂമിക്കു അവൻ സമാധാനത്തെക്കൊണ്ടുവരികയും ചെയ്യും. ഏയിൽ ഏലോഹിം!!

## വെനറബിൾ ബീഡ്.

ക്രിസ്ത്വബ്ദം 735. വസന്തകാലത്തിൽ പ്രശാന്തവും സമാധാനപൂർണ്ണവുമായ ഒരു സന്ധ്യാസമയത്തു ജാരോവിലെ സന്യാസിമഠത്തിന്റെ ഒരു ഒതുങ്ങിയ മുറിയിൽ ഒരു വൃദ്ധനായ സന്യാസി മരിപ്പാൻ കിടക്കുന്നുണ്ടായിരുന്നു. അദ്ദേഹം വളരെ പണിപ്പെട്ടു തന്റെ എഴുത്തുകാരനു വാചകം പറഞ്ഞുകൊടുപ്പാൻ ശ്രമിച്ചു. തദവസരത്തിൽ കേശസൌന്ദര്യമുള്ള ഏതാനും സാക്സൻ യുവാക്കന്മാരുടെ ഒരു കൂട്ടം ഭയത്തോടുകൂടി അടുത്തു നിന്നുകൊണ്ടു പ്രിയ ഗുരോ, വിശ്രമിക്കണമെ എന്നപേക്ഷിച്ചു.

മരിക്കാറായി കിടന്ന ആ സന്യാസി തന്റെ കാലത്തു പശ്ചിമയൂറോപ്പിൽ എങ്ങും കേളികേട്ട ഒരു വിദ്യാവിചക്ഷണനായിരുന്നു. അദ്ദേഹം മുഖാന്തരം ജാരൊ എന്ന സ്ഥലം, സാഹിത്യം, വിജ്ഞാനശാസ്ത്രം എന്നിവയ്ക്കു കേന്ദ്രസ്ഥാനമായിരിക്കയും പഠിക്കുന്നതിനു അത്യുത്സുകന്മാരായ അനേകശതം യുവാക്കൾ ബീഡാ എന്ന

ഈ വിശ്രുതന്റെ മന്ദിരത്തിൽ പ്രതിവർഷം വന്നുകൂടുകയും ചെയ്തു. ഗ്രീസിലും റോമയിലുമുള്ള എല്ലാ സാഹിത്യങ്ങളിലും ഇദ്ദേഹം അപാരമായ പാണ്ഡിത്യം പ്രാപിച്ചിരുന്നു. വൈദ്യം, ഗണിതം മുതലായ അനേകവിഷയങ്ങളെപ്പററി ഗ്രന്ഥങ്ങൾ എഴുതിയതു കൂടാതെ പ്രാചീനഇംഗ്ലണ്ടിനെക്കുറിച്ചു നമുക്കറിവു നൽകുന്ന ഒരു സഭാചരിത്രവും അദ്ദേഹം രചിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ വേദവ്യാഖ്യാനങ്ങളും പ്രസംഗങ്ങളും ഏററവും പ്രാധാന്യമുള്ളവ തന്നെ. ഈ മരണക്കിടക്കയിൽ കിടക്കുമ്പോൾ തന്നെ അനല്പമായ ക്ഷീണതയുടെ നടുവിൽ അദ്ദേഹം വിശുദ്ധയോഹന്നാന്റെ സുവിശേഷം സ്വഭാഷയിലേക്കു തർജ്ജമ ചെയ്തു തന്റെ എഴുത്തുകാരനു പറഞ്ഞുകൊടുത്തുകൊണ്ടിരുന്നു. എന്റെ കുഞ്ഞുങ്ങൾ അസത്യമായ ഒന്നു വായിക്കുന്നതിനോ ഞാൻ പോയശേഷം നിഷ്പ്രയോജനമായ വിധത്തിൽ ഒന്നു ചെയ്യുന്നതിനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ വാക്കു്. ആ പ്രിയശിഷ്യന്മാർ ശാന്തനായ ആ വൃദ്ധനെ ഏററവും അധികം സ്നേഹിച്ചിരുന്നു. അദ്ദേഹത്തിന്റെ ഒരു ശിഷ്യനായ കത്ബെർട്ട് സഹപാഠിയായ കത്വിൻ എന്ന ആളിനു് എഴുതീട്ടുള്ള എഴുത്തിൽ താഴെ വരുംപ്രകാരം പ്രസ്തുത വന്ദ്യവയോധികന്റെ ചരമവൃത്താന്തം കാണുന്നു. "ദൈവം സ്നേഹിച്ചിട്ടുള്ള ഞങ്ങളുടെ പിതാവും ഗുരുവുമായവൻ യോഹന്നാന്റെ സുവിശേഷത്തെ, ഇത്രപേക്ക് അതു എന്തുള്ളു (യോഹ. 6: 9) എന്ന ഭാഗം വരെ തർജ്ജമചെയ്തു തീർത്തിരുന്നു. ഇത്രയും പൂർത്തിയാക്കിവച്ചിരുന്നതു് ആരോഹണപ്പെരുനാളിന്റെ തലേദിവസമായിരുന്നു.

അന്നേദിവസം തന്നെ ശ്വാസം കഴിപ്പാൻ അദ്ദേഹം ഞെരുങ്ങുന്നതായി കാണപ്പെട്ടു. പാദങ്ങളിൽ നീരും ഉണ്ടായിരുന്നു. എങ്കിലും എഴുത്തുകാരനു പറഞ്ഞുകൊടുത്തുകൊണ്ടിരുന്നതിൽ നിന്നു് അദ്ദേഹം വിരമിച്ചില്ല. വേഗം എഴുതിക്കൊൾക. ഞാൻ എത്രത്തോളം ജീവിച്ചിരിക്കുമെന്നും ഇവിടെ നിന്നു് എന്റെ യജമാനൻ എന്നെ എത്ര വേഗത്തിൽ വിളിക്കുമെന്നും എനിക്കറിഞ്ഞുകൂടാ എന്നും അദ്ദേഹം പറഞ്ഞു.

രാത്രി മുഴുവൻ അവൻ ഉറങ്ങാതെ സ്തോത്രത്തിൽ കഴിച്ചുകൂട്ടി. ആരോഹണദിവസം ഉദയമായപ്പോൾ താൻ പറഞ്ഞുതന്നതിനെ അതിവേഗത്തിൽ എഴുതുവാൻ ഞങ്ങളോടു കല്പിച്ചു. ഇങ്ങനെ രാവിലെ മുതൽ വൈകുന്നേരം വരെയും വേല ചെയ്യുകയും ഇടയ്ക്കിടയ്ക്കു വിശ്രമിക്കയും ചെയ്തു. ഒടുവിൽ തന്റെ മുറിയുടെ ജനാലകളെ ചെങ്കതിരുകളാൽ ശോഭായമാനമാക്കുന്ന സൂര്യന്റെ അസ്തമയത്തോടുകൂടി തർജ്ജിമയുടെ അന്ത്യഭാഗം പറഞ്ഞുകൊടുത്തുകൊണ്ടു് ആ വൃദ്ധൻ അതിക്ഷീണതയോടെ കിടന്നു.

ഉൽക്കണ്ഠിതനായ എഴുത്തുകാരൻ പറഞ്ഞു; "ഗുരോ ഇനി ഒരദ്ധ്യായം കൂടിയുണ്ട്. അവിടുത്തേക്കു സംസാരിപ്പാൻ കഴിവില്ലല്ലോ". ബീഡ് ഉത്തരം പറഞ്ഞു "ഇല്ല, കഴിയും; നിന്റെ പേനയെടുത്തു വേഗം എഴുതുക".

കണ്ണുനീരോടു കൂടി ആ ചെറുപ്പക്കാരൻ എഴുതാൻ തുടങ്ങി. വിറയ്ക്കുന്ന അധരങ്ങളിൽ നിന്ന് ഒടുവിലത്തെ വാക്കുകൾ ഉൽകണ്ഠയോടെ പരിഗ്രഹിച്ച ശേഷം എഴുത്തുകാരൻ പറഞ്ഞു. "പിതാവേ, ഒരു വാക്യം മാത്രം ശേഷിക്കുന്നു". ചരമയാത്രയ്ക്കായി ബദ്ധപ്പെടുന്ന ആ വന്ദ്യവയോധികൻ അതും പറഞ്ഞുകൊടുത്തു.

"യേശു ചെയ്ത മററു പലതുമുണ്ട്. അതു് ഓരോന്നായി എഴുതിയാൽ എഴുതിയ പുസ്തകങ്ങൾ ലോകത്തിൽ തന്നെയും ഒതുങ്ങുകയില്ല എന്നു ഞാൻ നിരൂപിക്കുന്നു". എന്ന അവസാനവാക്യം എഴുതിയും വച്ചു തന്റെ തല കിളത്തി ആ യുവാവു വിളിച്ചുപറഞ്ഞു. "ഗുരോ! എല്ലാം പൂർത്തിയായി".

മരിപ്പാറായ പരിശുദ്ധൻ പ്രതിധ്വനിച്ചു. "അതെ സകലവും പൂർത്തിയായി. എന്നെ താങ്ങി എടുത്തു ഞാൻ സാധാരണ പ്രാർത്ഥിച്ചു വരാറുള്ള എന്റെ മുറിയുടെ അടുത്തു കിടത്തുക." "പിതൃപുത്രപരിശുദ്ധാത്മാക്കൾക്കു മഹിമയുണ്ടാകട്ടെ." ഈ അന്ത്യവാക്കുകളോടു കൂടി ആ മാതൃകാവയോധികന്റെ ആത്മാവു നിത്യദൈവത്തിന്റെ സന്നിധിയിലേക്കു കടന്നുപോയി,

അന്ത്യശ്വാസംവരെയും തന്റെ പ്രവൃത്തി ചെയ്യുന്നതിൽ ഉദ്യുക്തനും വേദാദ്ധ്യയനലോലുപനുമായിരുന്ന ബീഡ് നമുക്കു് ഒരു നല്ല ആദർശമായിരിക്കട്ടെ.

# നമ്മുടെ ദൈവം വിശ്വസ്തൻ

(കെ. റ്റി. മത്തായി)

ഞങ്ങളുടെ പിതാക്കന്മാർ നിങ്കൽ ആശ്രയിച്ചു; അവർ ആശ്രയിക്കയും നീ അവരെ വിടുവിക്കയും ചെയ്തു; അവർ നിന്നോടു നിലവിളിച്ചു രക്ഷപ്രാപിച്ചു; അവർ നിങ്കൽ ആശ്രയിച്ചു ലജ്ജിച്ചുപോയതുമില്ല. എന്നു സങ്കീർത്തനക്കാരൻ പാടിയിരിക്കുന്നു. (സങ്കീ. 22: 4, 5) ഈ വചനങ്ങൾ എതു കാലത്തും യഥാർത്ഥം തന്നെ. വേദചരിത്രങ്ങളിലും ലോകചരിത്രങ്ങളിലും അനുഭവത്തിലും കൂടി ഇതിനെ തെളിയിക്കത്തക്കവണ്ണം ധാരാളം ദൃഷ്ടാന്തങ്ങൾ ഉണ്ടു്. പ്രാർത്ഥന കേൾക്കുന്നവൻ എന്നുള്ളതു ദൈവത്തിന്റെ തിരുനാമങ്ങളിൽ ഒന്നത്രെ. (സങ്കീ. 65: 2.) ഭോഷ്കില്ലാത്ത ദൈവം എന്ന പ്രത്യാശ ഉളവാക്കുന്ന നാമംകൊണ്ടു് അവന്റെ ഭക്തന്മാർ അവനെ വിളിക്കുന്നു. (തീത്തൊ. 1: 1; എബ്രാ. 6: 18) അവൻ തന്റെ

ഭക്തന്മാരോടു് അരുളിച്ചെയ്ത വാഗ്ദത്തങ്ങളിൽ ഒന്നുംതന്നെ നിഷ്ഫലമാകയില്ല. “നാം അവിശ്വസ്തരായിത്തീൎന്നാലും അവൻ വിശ്വസ്തനായിപാൎക്കുന്നു. തന്റെ സ്വഭാവം ത്യജിപ്പാൻ അവനു കഴികയില്ലല്ലൊ”. (2 തിമൊ. 2: 13.) നമ്മുടെ ദൈവം വിശ്വസ്തൻ എന്ന തലവാചകത്തിൽ പല കാലങ്ങൾകൊണ്ടു പല സ്ഥലത്തുണ്ടായിട്ടുള്ള യഥാൎത്ഥമായ ചില അനുഭവകഥകളെ ഈ പംക്തിയിൽ തുടരെ ചേൎപ്പാൻ ആഗ്രഹിക്കുന്നു. അവ വായനക്കാൎക്കു ക്രിസ്തുവിലുള്ള ആശ്രയത്തിനും ഹൃദയസമാധാനത്തിനും ഉതകുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

## ൧. ദയ ചെയ്തു് ഈ രണ്ടു നോട്ടും സ്വീകരിക്കേണമെ.

ഉത്തമനായ ഒരു ദൈവദാസൻ ജയിൽ, ആസ്പത്രി മുതലായ സ്ഥലങ്ങളിൽ പോയി കൎത്തൃവേല ചെയ്തുവരികയായിരുന്നു. ഈ വേല വളരെ കഷ്ടതകൾ സഹിച്ചു് അവൻ നടത്തിവന്നു. ഇങ്ങനെ അവൻ വേല ചെയ്തുവരുമ്പോൾ ഒരു ധനവാൻ അവനു പലപ്പോഴും സഹായിക്കയും വേലയ്ക്കുവേണ്ടി അവനെ പ്രോത്സാഹിപ്പിക്കയും ചെയ്തുവന്നു. ഈ വേലക്കാരനു തന്നെ സഹായിച്ച ധനികനുമായി നേരിട്ടു പരിചയമില്ലായിരുന്നു. കുറേക്കാലത്തിനു ശേഷം ആ ധനികനു നേരിട്ട ആപത്തുകൾ നിമിത്തം ഈ വേലക്കാരനു ചെയ്തുകൊണ്ടിരുന്ന സഹായം മേലാൽ ചെയ്യുന്നതിനു സാധിക്കാതെവന്നു. ഈ സന്ദൎഭത്തിൽ വേലക്കാരൻ എന്തു ചെയ്യും? അവനും അവന്റെ കുടുംബത്തിനും സഹായം എവിടെ നിന്നു ലഭിക്കും? എങ്കിലും അവൻ ദൈവാശ്രയത്തോടു കൂടി വേല ചെയ്തുകൊണ്ടുതന്നെ മുമ്പോട്ടു പോകുന്നു. ദൈവവാഗ്ദത്തങ്ങൾ ഇപ്പോഴും അവന്റെ ആശ്രയത്തെ ബലപ്പെടുത്തിക്കൊണ്ടുതന്നെ ഇരിക്കുന്നു. ഇങ്ങനെ ഉപജീവനസംബന്ധമായി അവൻ വളരെ പ്രയാസപ്പെട്ടുകൊണ്ടിരിക്കുമ്പോൾ പേർ വയ്ക്കാത്ത ഒരു എഴുത്തു് അവനു കിട്ടി. അതിൽ ഇപ്രകാരം എഴുതിയിരുന്നു. “പ്രാൎത്ഥനാ സമാജത്തിന്റെ ഒരംഗവും സഭാശുശ്രൂഷയിൽ ഏൎപ്പെട്ടിരിക്കുന്ന ഒരാളും ഇങ്ങനെ രണ്ടു സ്നേഹിതന്മാർ നിങ്ങളുടെ കഷ്ടപ്പാടിനെക്കുറിച്ചു് ഉണൎത്തപ്പെട്ടിട്ടു് അൻപതീതു ഡോളർ വിലയുള്ള രണ്ടു നോട്ടു നിങ്ങൾക്കായി അയച്ചുതരുന്നു. ദയ ചെയ്തു് ആ രണ്ടു നോട്ടും സ്വീകരിക്കേണമേ”. ആ വേലക്കാരനു തന്റെ ആശ്രയജീവിതത്തിലുണ്ടായ ആനന്ദം പറയേണ്ടതുണ്ടോ? (റോമ. 12: 12)

പിറേറന്നാൾ ഈ വേലക്കാരൻ തന്നെക്കാൾ വളരെ കഷ്ടപ്പെടുന്ന ഒരു സാധുവിനെ കണ്ടു തനിക്കു കിട്ടിയ രണ്ടു നോട്ടുകളിൽ ഒന്നു് അയാൾക്കു കൊടുക്കയും ഇങ്ങനെ ഒരു സാധുവിനു കൂടി ഉപകാരം ചെയ്വാൻ തനിക്കു സാധിച്ചുവല്ലൊ എന്നോൎത്തു സന്തോഷിക്കയും ചെയ്തു. ഇങ്ങനെ വേല ചെയ്തുവരുമ്പോൾ അവ

ന്റെ ആരോഗ്യം ക്രമേണ കുറഞ്ഞുതുടങ്ങി. അതിനാൽ അവന്റെ സ്നേഹിതന്മാരിൽ ഒരുവൻ "നീ ഇങ്ങനെ കടൽകാററു കൊള്ളുവാൻ പോകുന്നതിനായി ഒരാൾ വേണ്ട പണം കൊടുത്തയച്ചിരിക്കുന്നു" എന്ന് അവനെ അറിയിച്ചു. അപ്പോൾ ആ വേലക്കാരൻ ഭ്രമിച്ച് എന്റെ ഭാര്യയുടെ യാത്രയ്ക്കു കൂടി പണം വേണ്ടിയിരിക്കുന്നു എന്നു പറഞ്ഞപ്പോൾ ആ സ്നേഹിതൻ ആവശ്യമുള്ള പണം എടുത്ത് അവന്റെ കയ്യിൽ കൊടുത്തു. നമ്മുടെ വിശ്വസ്തനായ ദൈവത്തിൽ ആശ്രയിക്കുന്നവരും അവനുവേണ്ടി അവസാനത്തോളം വിശ്വസ്തതയോടുകൂടി വേല ചെയ്യുന്നവരും ഒരുനാളും ലജ്ജിച്ചുപോകയില്ല എന്നുള്ളതിനെ ഈ സംഭവം നല്ലവണ്ണം തെളിയിക്കുന്നു.

## ൨൰. എവിടെ നോക്കിയാലും ഏലീം

ഇസ്രായേൽക്കാർ തങ്ങളുടെ വനാന്തരയാത്രയിൽ വളരെ ദാഹവും ക്ഷീണവുമുള്ളവരായി സഞ്ചരിക്കുമ്പോൾ ഏലീം എന്നു പേരുള്ള ഒരു സ്ഥലത്തു ചെന്നു എന്നും, അവിടെ 12 നീരുറവും 70 ഈന്തപ്പനയും ഉണ്ടായിരുന്നു എന്നും പുറപ്പാടുപുസ്തകത്തിൽ കാണുന്നു (പുറ. 15: 27) ഏതുകാലത്തും ദൈവത്തിൽ ആശ്രയിക്കുന്ന തന്റെ ഭക്തന്മാർ തങ്ങളുടെ ഈ ലോകവനാന്തരയാത്രയിൽ അത്ഭുതകരമാംവണ്ണം ഇങ്ങനെയുള്ള ഏലീം നീരുറവകളെ കാണുമെന്നുള്ളത് എത്രയും വാസ്തവമത്രെ.

മേൽ പ്രസ്താവിച്ച ഭക്തനായ വേലക്കാരനും അദ്ദേഹത്തിന്റെ ഭാര്യയും കടൽകാററു കൊൾവാൻ പുറപ്പെട്ടുപോയതു നിങ്ങൾ കേട്ടുവല്ലോ. കേപ്‌ബ്രിട്ടൻ എന്നു പേരുള്ള പാറകൾ നിറഞ്ഞതായ സ്ഥലത്ത് അവർ കരയിറങ്ങി. സ്ഥിരതാമസത്തിനായി ഏതെങ്കിലും ഒരു സ്ഥലം കിട്ടണമെന്നുള്ള ആലോചനയോടുകൂടി അവർ നടന്നുപോകുമ്പോൾ ആ ചെറിയ പട്ടണത്തിൽ ഒരു ചെറിയ കുടിൽ കണ്ടു വളരെ ആശ്ചര്യപ്പെട്ടു. അവിടെയുണ്ടായിരുന്ന വൃക്ഷലതാദികളെല്ലാം ആംഗ്ലദേശത്തിന്റെ സ്മരണയെ അവരുടെ ഉള്ളിൽ ജനിപ്പിച്ചു. കുടിലിന്റെ വാതിൽ തുറന്നപ്പോൾ ഒരു വൃദ്ധസ്ത്രീ തന്റെ കയ്യിൽ ഒരു റോസാപ്പൂച്ചെണ്ടുമായി പുറത്തേക്കു വരുന്നതു കാണായി. അവർ വീണ്ടും തങ്ങളുടെ യാത്രയെ തുടർന്നുകൊണ്ടിരിക്കുമ്പോൾ ആ മാതാവ് അവരെ അനുഗമിച്ച് അവരുടെ കയ്യിൽ ആ പൂച്ചെണ്ടു കൊടുത്ത് അവരോട്, "നാം തമ്മിൽ ഇപ്പോൾ അപരിചിതന്മാരെങ്കിലും മേലാൽ നാം നിത്യസ്നേഹിതന്മാരായിത്തീരും." എന്നു വളരെ സന്തോഷത്തോടുകൂടി പറഞ്ഞു. ആ ഭക്തിയുള്ള മാതാവിനെ തങ്ങളുടെ അടുക്കലേക്കു ദൈവം നേരിട്ടയച്ചതുപോലെ അവർക്കു തോന്നി. എല്ലാദിവസവും ഒരു പ്രാവശ്യം വീതം ആ വീട്ടിൽ നിന്നു വൃദ്ധ അവർക്കു ഭക്ഷണം കൊടുത്തു.

തന്നെ ഛാത്താൻ പോകുന്നതിനും അവരുടെ വള്ളത്തിൽ കയറി മററു സഹോദരന്മാരുടെ വീടുകൾ സന്ദൎശിക്കുന്നതിനും വേണ്ട സാവകാശം ലഭിച്ചു. ഏലീമിന്റെ നിഴലിൽ ഇസ്രായേല്യർ വിശ്രമിച്ചതുപോലെ ഇതു് അവൎക്കും വിശ്രമസ്ഥലമായിത്തീൎന്നു. ഈ അനുകൂലനടത്തിപ്പുകൾ എല്ലാം കണ്ടിട്ട് എവിടെ നോക്കിയാലും ഏലീം എന്നു് ആ ഭക്തൻ സന്തോഷത്തോടു പറഞ്ഞു.

## ൯. ഇത്രമാത്രമെ ഞാൻ ചോദിച്ചുള്ളു.

നമ്മുടെ വിശ്വസ്തനായ ദൈവം തന്നിൽ ആശ്രയിക്കുന്ന തന്റെ ഭക്തന്മാൎക്ക് എത്രമാത്രം നന്മ ചെയ്യുന്നു എന്നു മറ്റുള്ളവരിൽ നിന്നു കേൾക്കുകയും അവന്റെ ആശ്ചൎയ്യകരമായ നടത്തിപ്പുകളെ സ്വയം കാണുകയും ചെയ്യുമ്പോൾ നമ്മുടെ പ്രത്യാശ ബലപ്പെട്ടും നമ്മുടെ ആശ്വാസവും സമാധാനവും വൎദ്ധിച്ചും വരുന്നു.

മുൻ പ്രസ്താവിച്ച ഉത്തമഭക്തന്റെ ചരിത്രത്തിൽപെട്ട ഒരു ആശ്ചൎയ്യസംഭവത്തെ കൂടി എടുത്തുകാണിച്ചിട്ട് ഈ ഭാഗം അവസാനിപ്പിക്കുന്നു. ഇദ്ദേഹത്തിനു ദുൎഘടമായ വേറൊരു സന്ദൎഭം നേരിട്ടു. അതു് അവന്റെ വിശ്വാസത്തെ ശോധന ചെയ്യുന്നതിനുള്ള ഒരു വിഷമഘട്ടമായിരുന്നു. അവന്റെ കയ്യിലുണ്ടായിരുന്ന പണം അശേഷം തീൎന്നുപോയി. അങ്ങനെ ഇരിക്കെ അവന്റെ ഭാൎയ്യ അവന്റെ അടുക്കൽ വന്നു, കഴിഞ്ഞ മാസത്തെ വീട്ടുവാടകയും റൊട്ടി, പാൽ മുതലായവസ്തുക്കളുടെ പണത്തിന്റെ ബിൽ കൊണ്ടുവന്നിരിക്കുന്നു. അതിനു കൊടുക്കേണ്ട പണം എവിടെനിന്നു ലഭിക്കും? എന്നു ചോദിച്ചു. അതിന്നു് ആ ദൈവദാസൻ അവളെ നോക്കി "പണം എവിടെ നിന്നു വരുമെന്നു് എനിക്കറിഞ്ഞുകൂടാ. ദൈവമറിയുന്നു. ഞാൻ അവനോടു പറവിനിൽക്കുക മാത്രം ചെയ്യുന്നു". (യശ. 26: 3, 4) ആ പരിശോധന അവനു സഹായം വരുന്ന പൎവ്വതത്തെ ദൎശിക്കുന്നതിനും (സങ്കീ. 121: 1, 2) അതിന്റെ കൊടുമുടിയിൽ കയറുന്നതിനും (മൎക്കൊ. 1: 35; 6: 46; ലൂക്കൊ. 6: 12) ഇടയാക്കി. ഈവിധം അവൻ വളരെ പരിഭ്രമിച്ചുകൊണ്ടിരിക്കുമ്പോൾ ന്യൂയോൎക്കുപട്ടണത്തിൽ താമസിക്കുന്ന ഒരു സ്നേഹിതന്റെ കത്തു വന്നുചേൎന്നു. അതിൽ "ഞാൻ ഏതാനും ദിവസങ്ങളായി നിങ്ങളുടെ ശരീരപ്രയാസങ്ങളെ ഓൎത്തു ദൈവമുമ്പാകെ പ്രാൎത്ഥിച്ചുകൊണ്ടിരിക്കയാണ്. അതുകൊണ്ടു നിങ്ങളുടെ കാൎയ്യങ്ങൾ ഇപ്പോൾ എങ്ങനെ നടന്നുവരുന്നു എന്നു് എന്നെ അറിയിക്കണമെ" എന്നു് എഴുതിയിരുന്നു. ഉടനെ അതിനു മറുപടിയായി 130-ാം സങ്കീൎത്തനത്തിലുള്ള വചനങ്ങൾ എഴുതി തപാലാപ്പീസിൽ ഇടുന്നതിനായി പോകുമ്പോൾ ഒരു വക്കീൽ അവന്റെ അടുക്കൽ വന്നു "നിങ്ങളുടെ ശുശ്രൂഷയിൽ ആസ്പത്രിയിൽ കിടന്നിരുന്ന ആ മനുഷ്യൻ മരിച്ചുപോയി. അവൻ തന്റെ സ്വ

ത്തിൻെറ ഒരു ചെറിയ ഭാഗം അസ്സത്രീവകക്കു സൌജന്യമായി കൊടുക്കയും ബാക്കിയുളള തുക മുഴുവൻ നിങ്ങൾക്കായി അവകാശപ്പെടുത്തുകയും ചെയ്തിരിക്കുന്നു. വേണമെങ്കിൽ അത് ഉടൻ തന്നെ വാങ്ങികൊള്ളളാം" എന്നു പറഞ്ഞു. ഇതു കേട്ട മാത്രയിൽ അദ്ദേഹം വളരെ സന്തോഷത്തോടു കൂടി "ഉന്നതങ്ങളിൽ ഹോശന്നാ. ഉദ്ധാരണം വന്നിരിക്കുന്നു". എന്ന സാങ്കിയുടെ പാട്ട് ഉച്ചത്തിൽ പാടി. തൻെറ സഹായത്തിനുളള ആയുധമായി ദൈവം ഉപയോഗിച്ച ഈ സാധുമനുഷ്യനെ ആ ഭക്തൻ ഒരാഴ്ചമുമ്പ് ഒരു മനോഹരമായ കല്ലറയിൽ അടക്കം ചെയ്തിരുന്നു. ഇതു വിസ്മയകരമായ ഒരു കാഴ്ചയായിരുന്നു. കേവലം ഒരു വണ്ടി, ഒരു ശവപ്പെട്ടി, ഒരു മനുഷ്യൻ ഇങ്ങനെ പോകുന്നതിനെ വഴിപോകർ ആശ്ചര്യത്തോടു കൂടി നോക്കികണ്ടു. അവന് ഈ വിസ്തീർണ്ണമായ ലോകത്തിൽ ബന്ധുമിത്രാദികൾ ആരുംതന്നെ ഉണ്ടായിരുന്നില്ല. അഞ്ചു മാസക്കാലം മുഴുവൻ അവൻ ഒരു മഹാവ്യാധിയാൽ പീഡിപ്പിക്കപ്പെട്ടിരുന്നു. ആ മനുഷ്യനു കുറെ പണമുണ്ടായിരുന്നു എന്നോ ഈ ദൈവഭൃത്യനു വേണ്ടി അതിനെ വിനിയോഗിക്കുമെന്നോ ആരും വിചാരിച്ചിരുന്നില്ല. അവൻ വിൽപ്പത്രത്തിൽ കാണിച്ചിരുന്ന സംഖ്യയും ഈ ദൈവഭൃത്യൻ കച്ചവടക്കാരനു കൊടുത്തുതീർക്കേണ്ട തുകയും ഒട്ടും കൂടുതൽ കുറവില്ലാതെ സമമായിരുന്നു. ഒടുവിൽ ആ സുവിശേഷകൻ "ഇത്രമാത്രമേ ഞാൻ ചോദിച്ചുളളു". എന്നു പറഞ്ഞു ദൈവത്തെ നന്ദിയോടു സ്തുതിച്ചു.

# ആറു പ്രാവശ്യം മരിപ്പാൻ ഒരുക്കമാണ്.

ലാനക്‌ഷയറിലെ ഒരു ക്രിസ്തീയവേലക്കാരനായിരുന്ന ഏ. ജി. ബ്ളാക്ക്ബേർൺ താഴെ വരുന്ന കഥ പറഞ്ഞിരിക്കുന്നു:—

ഏതാനും വർഷങ്ങൾക്കു മുൻപു ഞാൻ ഏഴു വയസ്സുളള ഒരു പെൺകുട്ടിയെ കാണ്മാൻ പോയിരുന്നു. അവൾ മരിക്കാറായി കിടന്നിരുന്നു. തെരുവിൻെറ ഒരു പിൻഭാഗത്തായിരുന്നു അവളുടെ താമസം. ഞാൻ അവിടെ ചെന്നപ്പോൾ ആ കുട്ടി കിടക്കുന്ന സ്ഥലം ഒരു സ്ത്രീ എന്നെ കാണിച്ചു. ഞാൻ താഴെ ഇരുന്ന് ആ കുട്ടിയോട് ഇങ്ങനെ ചോദിച്ചു. കുഞ്ഞേ! നിനക്കെന്തു വേണം?

കുട്ടി—മരിക്കുന്നതിനു മുൻപെ എനിക്കു നിങ്ങളെ കാണണം.

ഞാൻ—എന്ത്? നീ മരിക്കാൻ പോകുന്നുവോ?

കുട്ടി—ഉവ്വ്, ഞാൻ മരിക്കാൻ പോകുന്നു.

ഞാൻ—സുഖപ്പെടണമെന്നു നിനക്ക് ആശയില്ലയോ?

കുട്ടി—യജമാനനേ! എനിക്ക് ആശയില്ല.

ഞാൻ—എന്തുകൊണ്ട് ആശയില്ല?

കുട്ടി—ഞാനൊരു ക്രിസ്ത്യാനിയായതിൽ പിന്നെ എന്റെ അപ്പനെ പ്രസംഗശാലയിലേക്കു കൊണ്ടുവരുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. എന്റെ അപ്പനു തീരെ മനസ്സുണ്ടായില്ല. ഒന്നു ചോദിച്ചുകൊള്ളട്ടെ. ഞാൻ മരിക്കയാണെങ്കിൽ നിങ്ങളായിരിക്കുമല്ലൊ എന്നെ അടക്കുന്നതു. അങ്ങനെയല്ലേ?

ഞാൻ—കുഞ്ഞേ! അങ്ങനെ തന്നെ.

കുട്ടി—നല്ലതു; ഞാൻ മരിക്കുന്നെങ്കിൽ അപ്പൻ ശവസംസ്കാരശുശ്രൂഷയ്ക്കു വരാതിരിക്കയില്ല. ആ അവസരത്തിൽ നിങ്ങൾക്ക് അപ്പനോടു സുവിശേഷം പറവാൻ സാധിക്കും.

ഞാൻ—അയ്യോ! കുഞ്ഞേ! അതിനു നീ മരിക്കണമോ?

കുട്ടി—എന്റെ അപ്പൻ സുവിശേഷം കേൾപ്പാൻ സാധിക്കുമെങ്കിൽ ഒരിക്കലല്ല, ആറു പ്രാവശ്യം മരിക്കാൻ ഞാൻ ഒരുങ്ങിയിരിക്കുന്നു.

അവൾ മരിച്ചു ശവമടക്കവും കഴിഞ്ഞു. എനിക്ക് അവളെ സംസ്കരിപ്പാൻ സാധിച്ചില്ല. കാരണം, എനിക്ക് ഒരു വലിയ സുഖക്കേടു പിടിപെട്ടുപോയി. ഞാൻ ആ സാധുവായ പെൺകുട്ടിയെക്കുറിച്ചും അവളുടെ വാക്കിനെക്കുറിച്ചും പിന്നീടു വിചാരിച്ചുകൊണ്ടിരിക്കുമ്പോൾ പരിചയമില്ലാത്ത ഒരു മനുഷ്യൻ എന്റെ അടുക്കൽ വന്നു, നിങ്ങൾ എന്നെ അറിയുന്നില്ലയോ? എന്നു ചോദിച്ചു; ഇല്ല ഞാൻ അറിയുന്നില്ല എന്നു ഞാൻ ഉത്തരം പറഞ്ഞു. ഇതിനു ആ മനുഷ്യൻ മറുപടി പറഞ്ഞതു: അയ്യോ! അപ്പനു വേണ്ടി മരിച്ച ആ മറിയക്കുട്ടിയുടെ പിതാവാകുന്നു ഞാൻ. ഒരു പ്രാവശ്യം എന്റെ അപ്പൻ സുവിശേഷം കേൾപ്പാൻ സാധിച്ചാൽ അതിനുവേണ്ടി ആറു പ്രാവശ്യം മരിപ്പാൻ ഞാൻ ഒരുക്കമാണെന്നു അവൾ പറഞ്ഞതു ഞാൻ കേട്ടു. തൽക്ഷണം എന്റെ ചങ്കു തകർന്നുപോയി. ഇപ്പോൾ ഇതാ രക്ഷയ്ക്കുള്ള വഴി തിരഞ്ഞു ഞാൻ വന്നിരിക്കുന്നു. ഈ മനുഷ്യൻ പിൻഭാഗത്തിൽ ചേർന്നു. യേശുവിനെ അറിവാൻ അയാൾക്കു ഭാഗ്യമുണ്ടായി. ഈ ചെറിയ കുട്ടിയെപ്പോലെ തങ്ങളുടെ സ്വന്തം ചാർച്ചക്കാരുടെ രക്ഷയ്ക്കായി ആഗ്രഹിക്കുന്ന എത്ര പേർ മാസികാവായനക്കാരിലുണ്ട്? ഒരു ചെറിയ കുട്ടി അവയെ നടത്തും. (യെശയ്യാ. 11: 6) എന്നുള്ള പ്രവചനത്തിന്റെ അന്വർത്ഥം ഈ സംഭവത്തിൽ നിന്നു നാം അത്ഭുതകരമായി ഗ്രഹിക്കുന്നു.

## ബാബിലോൻനഗരം.

പ്രാചീനനഗരമായ ബാബിലോൻ നിമ്രോദിന്റെ കാലത്തു സ്ഥാപിക്കപ്പെട്ടതും അനേകനൂറ്റാണ്ടുകൾകൊണ്ട് അളവില്ലാം പ-

താപത്തിലും അഭിവൃദ്ധിപ്പെട്ടു ബി. സി. 604 മുതൽ 562 വരെ രാജ്യം വാണിരുന്ന നെബുഖദനെസറിന്റെ കാലത്തു മഹിമയുടെ പരമകാഷ്ഠയെ പ്രാപിച്ചിരുന്നതുമാകുന്നു. ഹെറൊഡോട്ടസ് എന്ന ചരിത്രകാരൻ വൎണ്ണിച്ചിരിക്കുന്നതിൻപ്രകാരം അതു 15 മൈൽ നീളം വീതിയുള്ള ഒരു സമചതുരശ്രനഗരമായിരുന്നു. വീതി നീളങ്ങൾകൊണ്ടു നഗരത്തിന്റെ ചുററളവു 60 മൈൽ ആണെന്നു സിദ്ധമാകുന്നുണ്ടല്ലൊ. 87 അടി വീതിയും ഏകദേശം 100 അടി ഉയരവുമുള്ള ഒരു ഇഷ്ടിക മതിലിനാൽ ഇതു ചുററപ്പെട്ടിരുന്നു. ഈ ചുവരിന്മേൽ 250 ഗോപുരങ്ങൾ ഉണ്ടായിരുന്നു. ഈ മതിലിന്റെ ഉപരിഭാഗം ആറു രഥങ്ങൾ നിരത്തി ഓടിക്കത്തക്ക വീതിയുള്ളതായിരുന്നു. ഈ പ്രാകാരത്തിനു പുറത്തായി പട്ടണത്തെ ചുററി ഒരു വിസ്താരമുള്ള കിടങ്ങുണ്ടായിരുന്നതു യൂഫ്രെട്ടീസ് നദിയിലെ വെള്ളംകൊണ്ടു നിറച്ചിരുന്നു. മതിലിനകത്തെ ഏറെ അകലെയല്ലാതെ പുറത്തെ മതിലിനെക്കാൾ അല്പം മാത്രം ചെറുതും എന്നാൽ ഇടുങ്ങിയതുമായ ഒരു മതിലും നഗരത്തിനു ചുററും ഉണ്ടായിരുന്നു. നഗരത്തിൽ തെക്കുവടക്കായി 150 അടി വീതിയുള്ള 25 റോഡുകൾ ഉണ്ടായിരുന്നു. പട്ടണത്തിന്റെ നടുവിൽകൂടെ ഒഴുകുന്ന യൂഫ്രെട്ടീസ് നദിയാൽ പ്രസ്തുതനഗരം രണ്ടായി പകുക്കപ്പെട്ടിരുന്നു. പട്ടണത്തോടു സംബന്ധിച്ചുള്ള നദീതീരങ്ങൾ വലിയ മതിലുകളാൽ കെട്ടി അടയ്ക്കപ്പെട്ടിട്ടു നദിയിലേക്കു ഇറങ്ങേണ്ട സ്ഥാനങ്ങളിൽ വലിയ വാതിലുകൾ വയ്ക്കുകയും അതിന്റെ കട്ടിളകളും കതകുകളും കാന്തിയുള്ള പിത്തളയാൽ നിൎമ്മിക്കുകയും ചെയ്തു. ഈ വാതിലുകളിൽനിന്നു നദിയിലേക്കു ഇറങ്ങുവാൻ വലിയ കല്പടകൾ ഉണ്ടായിരുന്നു. ഇതിന്റെ പിത്തളവാതിലുകൾ ഉദയസൂൎയ്യന്റെയും അസ്തമയസൂൎയ്യന്റെയും മനോഹരകിരണങ്ങൾ തട്ടി അഗ്നികവാടംപോലെ ശോഭിച്ചിരുന്നു.

പട്ടണത്തോടു സംബന്ധിച്ചുള്ള നദിയുടെ ഇരുകരകളും ഒരു പാലത്താൽ ഇടക്കപ്പെട്ടിരുന്നു. പാലത്തിന്റെ രണ്ടു ഭാഗത്തും ഓരോ വിശിഷ്ട കൊട്ടാരങ്ങൾ ഉണ്ടായിരുന്നു. കൊട്ടാരങ്ങളിൽ ഒന്നിൽ നിന്നു വേറൊന്നിലേക്കു പോകുവാൻ അടിയിൽ കൂടി ഒരു തുരങ്കവഴി ഉണ്ടായിരുന്നു. ഈ വഴിയുടെ പല സ്ഥാനങ്ങളിൽ മുഴുവൻ പിത്തളകൊണ്ടു നിൎമ്മിച്ചിട്ടുള്ളതും വളരെ പണച്ചിലവുള്ളതുമായ പല വിരുന്നുമുറികൾ ഉണ്ടായിരുന്നു. ഈ കൊട്ടാരങ്ങളിൽ ഒന്നിന്റെ അടുത്തു ഓരോന്നും 75 അടി വീതമുള്ള എട്ടു ഗോപുരങ്ങൾ അടങ്ങിയിരിക്കുന്ന ബെല്ലിന്റെ ഗോപുരം അഥവാ ബാബേൽ നിന്നിരുന്നു. ഓരോ ഗോപുരങ്ങളിലേക്കും ചുററി ചുററിയുള്ള കോണിവഴിയാണ് കയറിപ്പോരേണ്ടതു്. ഒന്നിന്മീതെ ഒന്നായി ഉയരുന്ന ഗോപുരങ്ങൾക്കു അതിന്റെ മീതെയുള്ള ആലയത്തോടു കൂടി 660 അടി ഉയരമുണ്ടായിരുന്നു. ലോകത്തിലുള്ള

ഏഴ് ആലയങ്ങളിലുമുള്ളതിനേക്കാൾ എത്രയും വിലപ്പെട്ടതായ ഉപകരണങ്ങൾ ഈ ആലയത്തിൽ ഉണ്ടായിരുന്നു. അതിലുണ്ടായിരുന്ന ഒരു ഒററ സ്വർണ്ണവിഗ്രഹത്തിനു 45 അടി ഉയരമുണ്ടായിരുന്നു. ഇതിനു തന്നെ ഒരു കോടി എഴുപത്തഞ്ചു ലക്ഷം ഡോളർ വിലയുണ്ടായിരുന്നു. അതിലുണ്ടായിരുന്ന ഉപകരണങ്ങൾക്കെല്ലാം കൂടി ഇരുപതു കോടി ഡോളർ വിലയാകുമത്രെ. (1 ഡോളർ=3 രൂപാ 2 അണ)

ലോകത്തിലെ ഏഴ് അത്ഭുതങ്ങളിൽ ഒന്നായ തൂക്കുവനം ഈ നഗരത്തിലായിരുന്നു. ഈ വനങ്ങൾ നാനൂറു ചതുരശ്രഅടി വിസ്താരമുള്ളതും ഒന്നിന്മീതെ ഒന്നായി ഉയരുന്ന തട്ടുകളാൽ മുന്നൂററൻപതു് അടി കിളരമുള്ളതുമായിരുന്നു. 10 അടി വീതിയുള്ള ഒരു കോണി വഴിയായിട്ടാണ് ഇതിൽ കയറുന്നതു്. ഓരോ തട്ടുകളുടെയും മേൽഭാഗം വലിയ കല്ലുകൾ കൊണ്ടു മൂടപ്പെട്ടിരുന്നു. അതിന്റെ മീതെ ഓടുകൾ ഞാങ്ങണകളും അതിന്റെ മീതെ കീൽത്തളിരവും അതിന്റെ മീതെ സിമെന്റു കൊണ്ടു യോജിപ്പിച്ച രണ്ട് ഇഷ്ടികനിരകളും എല്ലാററിനും മീതെ ചോർച്ചയുണ്ടാകാതെ ഇരിക്കത്തക്കവണ്ണം ഈയത്തകിടുകളും അടുക്കടുക്കായി വച്ചശേഷം മുഴുവൻ മണ്ണുകൊണ്ടു മൂടുകയും അതിന്മീതെ ചെടികളും വലിയ വൃക്ഷങ്ങളും വച്ചുപിടിപ്പിക്കയും ചെയ്തിരുന്നു. ദൂരെ നിന്നു നോക്കിയാൽ അതു മുഴുവനും വനംകൊണ്ടു നിറഞ്ഞ ഒരു മല തന്നെ എന്നു തോന്നിപ്പോകും. യൂഫ്രട്ടീസിന്റെ സമതലമായ തീരപ്രദേശത്തു് ഈ തൂക്കുവനം ഒരത്ഭുതകാഴ്ചയായിരുന്നു. ഈ ബ്രഹ്മാണ്ഡശില്പം നെബുഖദ്നേസർ നിർമ്മിച്ചതു മീദിയാ മലവാസിനിയായ തന്റെ ഭാര്യയുടെ സന്തോഷത്തിനു മാത്രമായിരുന്നു. അവൾ ബാല്യകാലത്തു പരിചയിച്ചിരുന്ന പരിതസ്ഥിതി ഈ വിധത്തിൽ രാജാവു് അവൾക്കു സമ്പാദിച്ചുകൊടുത്തു. ഇങ്ങനെ മഹിമയിലും പ്രതാപത്തിലും അദ്വിതീയമായിരുന്ന ഈ പുരാതനപട്ടണം നഗരവാസികളുടെയും ഭരണകർത്താക്കളുടേയും അതിക്രമംകൊണ്ട് അനേകായിരം വർഷങ്ങൾക്കു മുൻപു നിശ്ശേഷവിനാശം പ്രാപിച്ചുപോയി. ഇതു കാണുമ്പോൾ ദൈവഭയമില്ലാത്ത ഏതു മഹാസാമ്രാജ്യവും ഒരു കാലത്തു കഥാവശേഷമായി തീരുമെന്നുള്ളതു നമുക്കു നിശ്ചയമായി പഠിക്കാവുന്നതാണ്.

## വിശുദ്ധ ബെർണാർഡിന്റെ ശാസനാലേഖനം.

വിശുദ്ധ ബെർണാർഡ് ക്രിസ്തീയസന്യാസിമാരുടെ ഇടയിൽ അദ്വിതീയസ്ഥാനം വഹിക്കുന്ന ഒരു മഹാത്മാവാണ്. റോമാസ